KSFDC

# ഫിലിം വിഷൻ


DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY

PH:8089036090 website:www.filca .in email :filcakerala@gmail.com

കേരള ഭാഗ്യക്കുറി

filca

വോള്യം -8 ലക്കം -140 ജൂലൈ 2025 മലയാളം - ഇംഗ്ലീഷ്


Filca film society in association with Cine Paradise Film Club, Faris Odeh College Union 2024 - 25, Govt. College for Women, Vazhuthacaud, Higher Education Dept. , Lottery Dept., Tourism Dept., Beam Film Society, Chalachithra Academy , Hindusthan Latex Ltd , KX Pharma, Barter Publishing and other organisations.

## വിശ്വസാഹിത്യവും സിനിമയും - ഭാഗം 2





10:00AM




THRONE OF BLOOD
WILLIAM SHAKESPERE
( MACBETH)
DIR: Akira Kurosawa



Dr.Uma Jyothi
Principal
Govt.College for Women, Tvm



BROTHERS KARAMAZOV
FYDOR DOSTOEVSKY
DIR: Richard Brooks





01:00PM




Dr. Asha Jeevan Sathyan
Cine Paradise Film Club



Fida. A. Fathima
Chairperson
Faris Odeh College Union




03:35PM



DON QUIXOT
MIGUEL CERVANTES
DIR: Akira Kurosawa

**31**
**Thursday July 2025**

Orice hall @
Govt. College for Women,
Vazhuthacaud

All are welcome ◆ Admission to people who are above 18 years old ◆ Free entry


കേരള സർക്കാർ
കേരള സംസ്ഥാന ഭാഗ്യക്കുറി
തിരുവോണം ബമ്പർ
ഭാഗ്യക്കുറി 2025 | THIRUVONAM BUMPER LOTTERY 2025
ഒന്നാം സമ്മാനം
₹25 കോടി
COMMON TO ALL SERIES
ടിക്കറ്റ് വില ₹500
രണ്ടാം സമ്മാനം
₹1 കോടി
വീതം 20 പേർക്ക്
COMMON TO ALL SERIES
മൂന്നാം സമ്മാനം
₹50 ലക്ഷം
വീതം 20 പേർക്ക്
ഓരോ പരമ്പരയിലും 2 സമ്മാനം
നാലാം സമ്മാനം
₹5 ലക്ഷം
വീതം 10 പരമ്പരകൾക്ക്
അഞ്ചാം സമ്മാനം
₹2 ലക്ഷം
വീതം 10 പരമ്പരകൾക്ക്
കൂടാതെ 5000, 2000, 1000, 500 രൂപയുടെ നിരവധി സമ്മാനങ്ങൾ
DATE OF DRAW: 27-09-2025, 2pm
For draw results: www.statelottery.kerala.gov.in


GOVERNMENT OF KERALA
kerala
God's Own Country
Let the breathtaking views caress your soul
Maitri.com
God's own country welcomes you to spectacular destinations to make your holidays unforgettable.

# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE JULY 2025

INDEX

1. 60 th Anniversary of Kerala film Society Movement, a grand event - ഡോ. ബി.രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 10 

2. സാംസ്കാരിക ജീവിതത്തെ വളരെയധികം സ്വാധീനിക്കാൻ കഴിഞ്ഞ ഒന്നാണ് ഫിലിംസൊസൈറ്റി പ്രസ്ഥാനം- പദ്മവിഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ 12 

3. കേരളത്തിൽ ഒരു ചലച്ചിത്ര യൂണിവേഴ്സിറ്റി ഉണ്ടാവണം -സാബു ശങ്കർ (ഫിൽക്ക) 17 

4. ത്രോൺ ഓഫ് ബ്ലഡ് – അകിരാ കുറോസാവ- സുരേഷ് കുമാർ .സി. (ഫിൽക്ക) 20 

5. അകിര കുറോസാവ: ലോകസിനിമയിലെ ജാപ്പനീസ് ഫിലിം മാസ്റ്റർ –നിമിഷ ഹെലൻ ( ഫിൽക്ക) 23 

6. Macbeth: The wages of sin is death- ഡോ.ലളിത ഗൗരി (ഫിൽക്ക) 25 

7. മാക്ബത് –നാടകവും സിനിമയും (കവിത) - രാജാംബിക എസ്.എസ് (ഫിൽക്ക) 27 

8. കരമസോവ് സഹോദരന്മാരിലൂടെ - സുനിൽകുമാർ . ബി (ഫിൽക്ക) 30 

9. ദസ്തയേവ്സ്കിയുടെ സാഹിത്യലോകം – ഡോ. പി. അജി കുമാർ. ( ഫിൽക്ക) 36 

10. സംവിധായകൻ റിച്ചാർഡ് ബ്രൂക്സ് – ഗിരിജ സുരേന്ദ്രൻ ( ഫിൽക്ക) 39 

12. കരമസോവ് സഹോദരന്മാർ (കവിത) – ദിവ്യ. സി. ആർ 40 

13. ഡോൺ ക്വിക്സോട്ട്:ലോകസാഹിത്യത്തിലെ പ്രഥമ നോവൽ- വിനോദ്കുമാർ പി. ( ഫിൽക്ക) 42 

14. മിഗ്വെൽ ഡി സെർവാന്റസ് – സഞ്ജു കളപ്പുരയ്ക്കൽ ( ഫിൽക്ക) 44 

15. ഗ്രിഗറി കൊസിന്റ് സേവ് എന്ന റഷ്യൻ സംവിധായകൻ – പി.എസ് ജ്യോതിഷ്കുമാർ ( ഫിൽക്ക) 47 

16. ഡോൺ ക്വിക്സോട്ട് (കവിത) – പുഷ്പ അനിൽ ( ഫിൽക്ക) 51 

17. വിശ്വ സാഹിത്യവും വിശ്വ സിനിമയും ഉദ്ഘാടനം : ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ അറുപതാം വാർഷികം/പ്രതികരണം –ജോൺ തോമസ് (ഫിൽക്ക) 53 

Website:www.filca.in Email:filcakerala@gmail.com

# WORLD LITERATURE AND CINEMA FILM FESTIVAL

കേരള ഭാഗ്യക്കുറി

KSFDC


filca

Filca Film Society in association with Cine Paradise Film Club, Faris Odeh College Union 2024 - 25, Govt. College for Women, Vazhuthacaud., Higher Education Dept. , Lottery Dept., Tourism Dept., Beam Film Society, Chalachithra Academy ,KX Pharma, Hindusthan Latex Ltd , Barter Publishing , and other organisations.

| 31 THURSDAY, July , 2025. | SCREENING SCHEDULE | Orice Hall , Govt. College for Women, Vazhuthacaud . |
|---|---|---|

## FILCA FILM SOCIETY

FILM FEST PART -2



10:00 AM

**THRONE OF BLOOD**
( MACBETH)
**WILLIAM SHAKESPEARE**
1957 / JAPAN / 110 MINS.
DIR: AKIRA KUROSAWA



AKIRA KUROSAWA





01:00 PM

**BROTHERS KARAMAZOV**
**FYDOR DOSTOEVSKY**
1958 / USA / 145 MINS
DIR:RICHARD BROOKS



RICHARD BROOKS





03:35 PM

**DON QUIXOT**
**MIGUEL CERVANTES**
1957 / USSR / 110 MINS.
DIR: GREGORY KOZINTSEV



GREGORY KOZINTSEV



# FILM VISION

PROGRAM INAUGURATION:

Orice Hall ,
Govt. College for Women, Vazhuthacaud ,
Trivandrum.

31st, THURSDAY, JULY 2025

Filca Film Society in association with Cine Paradise Film Club,
Faris Odeh College Union 2024 - 25, Govt. College for Women, Vazhuthacaud.,
Higher Education Dept. , Lottery Dept., Tourism Dept., Beam Film Society, Chalachithra Academy ,
KX Pharma, Hindusthan Latex Ltd , Barter Publishing , and other organisations.


## WORLD LITERATURE AND WORLD CINEMA FILM FESTIVAL PART - II

Filca

## Inauguration Program

**10AM**

Welcome by : **DR. B. RADHAKRISHNAN**
( President, Filca Film Society )



Presided over : **DR. UMAJYOTHI. V.**
(Principal in Charge ,
Govt. College for Women, Tvpm)



Talk about world literature and world cinema by : **SABU SANKAR**
( Novelist , Film Author, Director )



Felicitation by : **DR. ASHA JEEVAN SATHYAN**
( Convenor, Cine Paradise Film Club )



Gratitude : **FIDA. A. FATHIMA**
( Chairperson,
Faris Odeh College Union 2024 - 2025 )



free entry (admisson to people are above 18 years old) all are welcomed



Innovating for Healthy Generations
HLL has traversed a long path, over the past five decades. From a modest condom manufacturer, HLL has emerged as one of India's foremost providers of quality & affordable healthcare products and services. From innovative Contraceptives to Hospital products, Diagnostic services to Retail Pharmacy, creating new-age Infrastructure to Social development initiatives, we are doing all it takes to keep the generations healthy.
HLL Lifecare Limited
(A Government of India Enterprise)
www.lifecarehll.com
Contraceptives | Hospital Products | Nutraceuticals | Personal Care Products | Diagnostic Services | Retail Pharmacy | Projects & Services


K Pharma
Your Prescription
Delivered Anytime,
Anywhere
Kuravankonam - +91 9995811166
Attingal - +91 8129484422
Pothencode - +91 9074558869
Manacaud - +91 8136988890
Vattiyoorkavu - +91 8714692315
Ayoor - +91 7593001351

July Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society


World literature and World Cinema Part-II FilmFestival

KSFDC






# 60TH ANNIVERSARY OF KERALA FILM SOCIETY MOVEMENT, A GRAND EVENT




**Dr. B. Radhakrishnan**
(President, Filca Fim Society
& Former Principal - Director ,
Pariyaram Medical College )


The 60th anniversary celebrations of the Film Society Movement of Kerala, organized by film societies commune of Kerala , was inaugurated by the world renowned film director Padma Vibhushan Adoor Gopalakrishnan. About forty Film Society activists and film critics from the first phase of the Movement (1965-1980) were honoured at the function held on 5 July 2025 at the T. N. G. Hall of the Thiruvananthapuram Press Club.

The organizing committee Chairman A. Meera Sahib presided over the function. Surya Krishnamurthy, Vijayakrishnan, Prakash Sreedhar , Chalachitra Academy Chairman Premkumar, Film Development Corporation MD. D. Priyadarshan, George Mathew, M. F. Thomas, V. Rajakrishnan, Cherian Joseph and E. J. Joseph and others spoke on the occasion. Sabu Sankar, General Secretary of FILCA Film Society, delivered the vote of thanks.

The film society movement in India began in the 1940s as a grassroots initiative to pro mote art cinema, distinct from mainstream Bollywood productions. This movement aimed to showcase diverse, socially relevant narratives and experimental works, emphasising artistic expression over commercial success.

In 1947, the Calcutta Film Society was founded by Satyajit Ray, Chidananda Dasgupta, and others, marking the beginning of the film society movement in India. The society screened films like Sergei Eisenstein's "The Battleship Potemkin" and provided a platform for discussing international cinema.

The film societies helped create a culture of art cinema in India, encouraging audiences to appreciate diverse cinematic styles and narratives. By providing a platform for experimental works and discussion, film societies contributed to the rise and acceptance of influential directors like Satyajit Ray, Mrinal Sen, and Adoor Gopalakrishnan.

The Federation of Film Societies in India (FFSI) was established on 13 December 1959, with Satyajit Ray as its president. FFSI served as an umbrella organisation for regional film societies, facilitating film screenings, workshops, and discussions. The Federation facilitated the exchange of films between India and other countries, introducing Indian audiences to international cinema and promoting cross-cultural understanding.

During the 1960s and 70s, Film societies proliferated across India, with notable societies emerging in cities like Delhi, Bombay, and Madras. These societies played a crucial role in promoting art cinema, introducing audiences to international films, and fostering critical

discussions and promoting the appreciation of good films among the general public.

The film society movement in Kerala began in the 1960s and gained momentum in the 1970s, revolutionising the way people perceived cinema as an art form.

The Chitralekha Film Society, formed in Thiruvananthapuram in 1965 under the leadership of Adoor Gopalakrishnan, Kulathoor Bhaskaran Nair, KP Kumaran, and Sreevaraham Balakrishnan, and others , marked the beginning of this movement in Kerala. The movement introduced serious art cinema to the Kerala public, inspiring many youngsters to organise film societies in different areas of Kerala.

The Chitralekha Film Society played a pivotal role in promoting art cinema and fostering a new appreciation for the art of filmmaking. The society was inaugurated on July 5, 1965, at Sreekumar Theatre in Thiruvananthapuram, with the Hungarian film "The Land of Angels" as its first screening. Chitralekha organised regular screenings, often with 16mm prints, at venues like the YMCA hall and Tagore Centenary Hall, which later became a regular film screening venue.

The society maintained an academic approach, distributing program notes to members in advance and hosting post-screening discussions. Chitralekha's efforts contributed significantly to the growth of the film society movement in Kerala, with over 100 societies emerging in the state in subsequent years. The society played a role in shaping the careers of filmmakers and critics, including Adoor Gopalakrishnan, who went on to become a renowned filmmaker with global acclaim.
" The film society movement was able to raise an awareness of the film. This movement is one of the most influenced by our cultural life," - Adoor Gopalakrishnan envisioned.

By the 1970s, there were over 100 film societies in Kerala, which began to decline with the advent of television, internet and digital technology, but saw a resurgence in the mid-1990s. The film society movement in Kerala has not only promoted art cinema but also contributed to the growth of a new generation of film enthusiasts, critics, and writers. Its impact extends beyond urban areas, cutting across various sections of society.



# സാംസ്കാരിക ജീവിതത്തെ വളരെയധികം സ്വാധീനിക്കാൻ കഴിഞ്ഞ ഒന്നാണ് ഫിലിം സൊസൈറ്റി പ്രസ്ഥാനം

**പദ്മവിഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ**



ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ അമ്പതാം വാർഷികം ആഘോഷിച്ച പ്പോൾ ഞാൻ പങ്കെടുത്തിരുന്നു. വീണ്ടും പറയേണ്ടിയിരിക്കുന്നു, ഇതിന്റെ വജ്ര ജൂബിലി ആഘോഷിച്ചപ്പോഴും എനിക്ക് പങ്കെടുക്കാൻ പറ്റി. വളരെ സന്തോഷമുണ്ട് .

ഇന്ന് ഫിലിം സൊസൈറ്റികളുടെ പ്രവർത്തനം പരിതാപകരമാണ് . ഫിലിം സൊസൈറ്റികൾ ഞെങ്ങിഞെരുങ്ങി തന്നെയാണ് മുന്നോട്ട് പോകുന്നത്. 60 വർഷം മുൻപ് ചിത്രലേഖ തുടങ്ങിയപ്പോഴും തിയേറ്ററുകൾ വലിയ തുകയാണ് വാടക ചോദിച്ചിരുന്നത്. പലപ്പോഴും കടം വാങ്ങിയാണ് ഞായറാഴ്ചയെങ്കിലും സിനിമ കാണിക്കാൻ തീയേറ്റർ തരപ്പെടുത്തിയത് . അന്ന് ഈസ്റ്റ് യൂറോപ്യൻ കൺട്രീസ്

അതായത്, ചെക്കോസ്ലോവാക്കിയ ,ഹംഗറി, പോളണ്ട് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള സിനിമകൾ കിട്ടുമായിരുന്നു. 1960 -കൾ സിനിമയുടെ വസന്തകാലമായിരുന്നു. ഏറ്റവും നല്ല സിനിമകളായിരുന്നു അവ. പുതുമ നിറഞ്ഞ നല്ല സിനിമകൾ. കാണുമ്പോൾ തന്നെ നമ്മൾ ത്രില്ലായി പ്പോകും. ആ സിനിമകൾ അത്രമാത്രം മനോഹരമായിരുന്നു . അങ്ങനെയുള്ള സിനിമകൾ വന്നുകൊണ്ടിരുന്ന കാല മായിരുന്നു അത് . ബ്രിട്ടനിലെ ഫിലിം ഇൻസ്റ്റ്യൂട്ടിലെ തിയേറ്ററിൽ കാണിക്കും മുമ്പ് തിരുവനന്തപുരത്ത് കാണിക്കാൻ പറ്റിയിരുന്നു. കേരളത്തിലെ ഫിലിം സൊസൈറ്റിയ്ക്ക് ഫിലിം തരാൻ എംബസി ഉദ്യോഗസ്ഥർക്ക് വളരെ സന്തോഷം ആയിരുന്നു.

കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ ശ്രദ്ധപിടിച്ചുപറ്റിയ ഒരു പ്രസ്ഥാനം ആയിരുന്നു ചിത്രലേഖ . തിരുവനന്തപുരത്ത് മാത്രമായിരുന്നില്ല പ്രവർത്തനലക്ഷ്യം . കേരളത്തിൽ ഒരു പ്രസ്ഥാനം ആയിട്ട് നടത്തുക എന്നുള്ളത് തന്നെയായിരുന്നു . അതിനുള്ള വഴി എന്താണെന്ന് ആലോചിച്ചു . ചലച്ചിത്ര ആസ്വാദനത്തിൽ മാറ്റം വരുത്തുവാൻ ജനങ്ങളെ നല്ല സിനിമകൾ കാണിക്കണമെന്ന് തീരുമാനിച്ചു. അതുവരെ നല്ല സിനിമ പ്രേക്ഷകർ കിട്ടില്ല . പൂനെ ഫിലിം ഇൻസ്റ്റ്യൂട്ടിൽ പഠിച്ചിറങ്ങിയതിനു ശേഷം ഒരു ഫിലിം സൊസൈറ്റിയ്ക്കു

വേണ്ടി ഒരുപാട് കഷ്ടപ്പെട്ടു. അപ്പോൾ എന്റെ മനസ്സിൽ ഉണ്ടായിരുന്ന ഒരു ഉദാഹരണം അന്ന് കേരളത്തിന്റെ ഗ്രന്ഥശാല പ്രസ്ഥാന മാണ് .

ജനങ്ങൾക്ക് വായനശീലം ഉണ്ടാക്കാൻ വേണ്ടി പി.എൻ.പണിക്കരുടെ ഉള്ളഴിഞ്ഞ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ് . ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ മാതൃകയിൽ ഫിലിം സൊസൈറ്റി പ്രസ്ഥാനം രൂപീകരി ക്കാനുള്ള താൽപര്യമുണ്ടായത്തിന് കാരണം ഗ്രന്ഥശാല പ്രസ്ഥാനം എന്ന് പറയുന്നതിൽ തെറ്റില്ല .

പി.എൻ.പണിക്കർ കോട്ടയത്ത് തിരുനക്കര ക്ഷേത്രത്തിനു മുന്നിൽ ഉള്ള മൈതാന ത്തിന്റെ ഒരു വശത്ത് ദിവസവും രാവിലെ പത്രവുമായി വരുമായിരുന്നു. അദ്ദേഹം ഒരു പ്രൈമറി സ്കൂൾ അദ്ധ്യാപകൻ ആയി രുന്നു. മനോരമ പത്രം അവിടെ വരുന്ന ആളുകൾക്ക് കേൾക്കാൻ പാകത്തിൽ ഉറക്കെ വായിക്കുമായിരുന്നു . ഇതറിഞ്ഞ വർഗീസ് മാപ്പിള, പി.എൻ. പണിക്കർക്ക് ഓരോ ദിവസവും സൗജന്യമായി പേപ്പർ ഇടാൻ പറഞ്ഞു.അദ്ദേഹത്തിന്റെ പ്രവർത്തനം കുറേശ്ശെ കേരളത്തിലെ ഗ്രന്ഥശാല പ്രസ്ഥാനമായി രൂപപ്പെടു ത്തുന്നതിൽ പ്രധാന പങ്കുവഹിച്ചു.

അടൂരിലെ വളരെ ഉൾനാട്ടിലാണ് ഞങ്ങളുടെ സ്ഥലം . അവിടെ നാട്ടിൻപുറത്ത് തൂവയ്യൂർ വടക്ക് എന്ന് പറയും . അവിടെ ഞങ്ങൾ ഒരു വായനശാല ആരംഭിച്ചു. പി.എൻ. പണിക്കർ വായനശാല സന്ദർശിച്ചു . ഞങ്ങൾക്ക് വളരെ നല്ല പ്രോത്സാഹനം തന്നു. ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരെയും പി. എൻ. പണിക്കർക്ക് അറിയാമായിരുന്നു.

ഓരോ കാലത്തും ഓരോ സിനിമകൾ വരുന്നു . ഒരു കച്ചവടത്തിന് അപ്പുറം ആയി ട്ടുള്ള യാതൊരു പരിഗണനയും ഉണ്ടായി രുന്നില്ല . അതുകൊണ്ടാണ് നിരന്തരമായ ഫോർമുലകൾ സിനിമയ്ക്കുണ്ടായത് . നടിമാർക്കും നടന്മാർക്കും വേണ്ടി കഥയുണ്ടാക്കുക . അതിൽ കോമഡി പ്രത്യേകം വേണം, അടിപിടി വേണം അങ്ങനെ എല്ലാം ഫോർമുലകൾ പ്രകാരം മാത്രം . അത്തരം ഫോർമുല കളിൽ മുങ്ങിക്കിടക്കുകയായിരുന്നു നമ്മുടെ സിനിമ .



വ്യത്യാസമുള്ള സിനിമകൾ വേറെ കണ്ടു തുടങ്ങിയപ്പോൾ തോന്നി, ഇത്രയും സാക്ഷരതയും വായനശീലവും ഒക്കെ യുള്ള കേരളത്തിൽ ഇത്രയും മോശപ്പെട്ട നിലയിൽ , വീടുകളിൽ ഒന്നിച്ചിരുന്ന് സിനിമകളെ പറ്റി സംസാരിക്കാൻ പറ്റാത്ത രീതിയിൽ,സിനിമ വളരെ വളരെ മോശമായിരുന്നു. ഒരാൾ എഴുതിയത് ഞാൻ ഓർക്കുന്നു . കള്ളുഷാപ്പിൽ പോയിട്ട് തലയിൽ മുണ്ടിട്ടിറങ്ങുന്ന പോലെയാണ് സിനിമ കണ്ടിട്ട് ആളുകൾ പുറത്തിറങ്ങുന്നത്. അത്തരം സിനിമ കളാണ് ആളുകൾ ആസ്വദിച്ചു കൊണ്ടിരുന്നത് . അതിനൊരു മാറ്റം വരുത്തണം എന്ന് തോന്നി . സിനിമ എടുക്കുന്നവർക്കോ കാണുന്നവർക്കോ നല്ല സിനിമകൾ ഉണ്ടെന്ന് അറിയില്ലായി രുന്നു . അജ്ഞതയാണ് കാരണം. അതു മാറ്റിയെടുക്കാൻ വളരെ നിർബന്ധ ബുദ്ധിയോട് കൂടി ഞാൻ ആദ്യമായി ഒരു ഫീച്ചർ ഫിലിം എടുക്കുന്നത് 1972 ലാണ് .

1965 ൽ പൂനെയിൽ നിന്ന് പഠിച്ചുവന്ന കാലത്ത് , ഫിലിം സൊസൈറ്റി പ്രസ്ഥാനം ഉണ്ടാക്കാൻ പരിശ്രമിച്ചു. ഉറങ്ങുന്നതല്ലാത്ത സമയം മുഴുവനും , അതായത് ഒരു ദിവസ ത്തെ പ്രവർത്തനം അത്രയും, ഫിലിം സൊസൈറ്റിക്ക് വേണ്ടിയായിരുന്നു. ഒരു പ്രൊജക്ടർ ഓപ്പറേറ്ററെ കൊണ്ട് പടം തുടങ്ങാൻ നിവൃത്തിയില്ലാത്തതുകൊണ്ട് പലപ്പോഴും ഞാൻ തന്നെ പ്രൊജക്ടർ ഓപ്പറേറ്റ് ചെയ്യുമായിരുന്നു തിരുവനന്തപുരത്തെ ചെറുപ്പക്കാർ, എൻജിനീയറിംഗ് കോളേജി ലും മെഡിക്കൽ കോളേജിലും പഠിച്ചിരുന്ന പലരും , ഫിലിം സൊസൈറ്റിയിൽ പടങ്ങൾ കാണാൻ വന്നിരുന്നു. ഇപ്പോൾ ലോകത്തിന്റെ ഏത് ഭാഗത്ത് പോയാലും ചിത്രലേഖയിലെ അംഗമായിരുന്നു എന്ന് പറയുന്നവരെ കാണാറുണ്ട് .

ഫിലിം സൊസൈറ്റി പ്രസ്ഥാനം തിരുവനന്തപുരത്ത് മാത്രമല്ല, എല്ലാ സ്ഥലങ്ങളിലേക്കും പ്രചരിപ്പിക്കണം എന്നുള്ളതിനാൽ , സാഹിത്യകാരന്മാർ ഉൾപ്പെടെ പലരും സുഹൃത്തുക്കളായ തുകൊണ്ട് മറ്റ് സൊസൈറ്റികൾക്ക്



വേണ്ടുന്ന സിനിമകൾ ചിത്രലേഖ കാണിച്ച ശേഷം സർക്കുലേറ്റ് ചെയ്യുമായിരുന്നു .

അന്ന് കേരള ഫിലിം സൊസൈറ്റി എന്നൊരു ഓർഗനൈസേഷൻ ഉണ്ടാക്കിയിരുന്നു. ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റിയുടെ മദ്രാസിലെ ചുമതലക്കാരൻ എന്നോട് വിശദീകരണം ചോദിച്ചു .ഞാൻ പറഞ്ഞു സിനിമ എന്താണെന്ന് അറിയാത്തവർ എന്ത് അടിസ്ഥാനത്തിലാണ് എന്നോട് ചോദിക്കുന്നതെന്ന്. സിനിമ അറിയാവുന്ന ഞാനാണിത് ചെയ്യുന്നത് എന്ന് മറുപടി പറഞ്ഞു. പക്ഷേ അതിന്റെ ഫലം ഞാൻ ശരിക്കും അനുഭവിച്ചു. കാരണം അവർ റീജിയണൽ കമ്മിറ്റിയിൽ അതായത് ഡൽഹിയിലേക്ക് സിനിമ റെക്കമെന്റ് ചെയ്യുന്ന കമ്മിറ്റിയിലെ അംഗങ്ങളായിരുന്നു . എന്റെ ചിത്രം സ്വയംവരത്തെ അവർ കൃത്യമായി തട്ടി. വർഷങ്ങൾ കഴിഞ്ഞാണ് എനിക്ക് മനസ്സിലായത്. ഇവിടെനിന്നു പോയ ചില സ്നേഹിതരും തട്ടുന്ന കൂട്ടത്തിൽ ഉണ്ടായിരുന്നു. കുറേയേറെ നല്ല മനുഷ്യരെ സുഹൃത്തുക്കൾ ആയിട്ട് കിട്ടി. അതിലേറെ ശത്രുക്കളെയും കിട്ടി .ഒരു ടാബ്ലോയ്ഡ് പത്രം എഴുതി , ഇവിടെ ഒരു കറക്ക് കമ്പനി തുടങ്ങിയിട്ടുണ്ട്, ആളുകളെ സിനിമ കാണാൻ പഠിപ്പിക്കുന്നു എന്ന് പറഞ്ഞു കൊണ്ട് .
അയാൾ പറഞ്ഞത് ശരിയാണ്, സിനിമ കാണാൻ ആരെയെങ്കിലും പഠിപ്പിക്കണോ ? നമ്മൾ പോയി കാണും. അത്രയേ ഉള്ളൂ . പക്ഷേ നമ്മൾ കാണുന്ന സിനിമയല്ല , യഥാർത്ഥ സിനിമ. നമ്മൾ കാണേണ്ട സിനിമ വേറെയുണ്ട് എന്നാണ് ഫിലിം സൊസൈറ്റികൾ പറയുന്നത്.

ഇന്ന് സാങ്കേതികമായിട്ടുള്ള എല്ലാ സൗകര്യങ്ങളും ഉണ്ട് . സിനിമ എവിടെ വേണമെങ്കിലും നമുക്ക് കാണിക്കാം. ഒരു ഹാൾ ഉണ്ടെങ്കിൽ അവിടെ നമുക്ക് പ്രോജക്ടർ വച്ച് ചെയ്യാം. പക്ഷേ കാണാൻ ആളില്ല. അതാണ് അതിന്റെ വ്യത്യാസം.

ഈ സിനിമ കാണുന്നതെന്തിനാ എന്ന് ചോദിക്കുമ്പോൾ അവർ ശ്രദ്ധിക്കാത്ത ഒരു കാര്യമുണ്ട് . ഫിലിം സൊസൈറ്റിയിൽ കാണിക്കുന്ന സിനിമ കൃത്യമായി തിരഞ്ഞെടുത്തതാണ്. അത് കാണുന്നവർക്ക് പഠിക്കാനും മനസ്സിലാക്കാനും പിൽക്കാലത്ത് അവർക്ക് ഒരുപക്ഷേ ഈ രംഗത്ത് പ്രവർത്തിക്കാനും ഒക്കെയുള്ള പ്രചോദനം കൊടുക്കുന്നതാണ് . ഭാവിയിൽ പ്രയോജനപ്പെടുന്ന കാര്യമാണ്. പുസ്തകം വായിച്ചിട്ട് നമ്മൾ പറയില്ലേ നല്ല പുസ്തകമാണ് , വായിക്കണമെന്ന്. അതുപോലെ നമുക്ക് പരസ്പരം പങ്കിടാൻ കൊള്ളാവുന്ന വളരെ പ്രധാനപ്പെട്ട ഒരു കലാനുഭവമാണ് നല്ല സിനിമ.

ഒരു നല്ല സാഹിത്യകൃതി ഒരാളുടെ ജീവിതകാലം മുഴുവനും എങ്ങനെ പ്രചോദനം ആയിരിക്കുന്നുവോ , ഒരുപക്ഷേ അതിനേക്കാൾ കൂടുതൽ ഒരു സിനിമയിലൂടെ അനുഭവിക്കാൻ കഴിയും. ആ കാഴ്ചയുടെ അനുഭവം നമ്മൾ ഇതുവരെ കണ്ടിട്ടുള്ള , നമ്മൾ ഇതുവരെ പ്രാക്ടീസ് ചെയ്തിട്ടുള്ള, മറ്റൊരു കലാരൂപത്തിന് സാധിക്കാത്ത തരത്തിലുള്ള , വളരെ ഉയർന്ന തലത്തിലുള്ള, നമ്മളെ ആസ്വദിപ്പിക്കാൻ പറ്റുന്ന ഒന്നാണ് . അത് നമ്മൾ മനസ്സിലാക്കാറില്ല . ഇത് നമ്മുടെ നേരം പോക്കിനുള്ള ഒരു പാതയായിട്ടാണ് നമ്മൾ കരുതിയത്. നേരം അങ്ങനെ പോക്കാൻ ഉള്ളതല്ല . നേരത്തിനു വളരെയധികം പ്രാധാന്യമുണ്ട് .കാരണം അടുത്ത നിമിഷം എന്താണെന്ന്

അറിയാതെയാണ് നാം ജീവിക്കുന്നത് . നാളത്തെ കാര്യം പോട്ടെ, അഞ്ചോ പത്തോ മിനിറ്റിനുള്ളിൽ, അതല്ല, അടുത്ത നിമിഷം എന്താണ് സംഭവിക്കുന്നത് എന്ന് നമുക്ക് അറിഞ്ഞുകൂടാ. ജീവിക്കുന്ന ആർക്കും അറിഞ്ഞുകൂടാ. ജീവിക്കുന്നതിന്റെ രസവും അതു തന്നെയാണ്. ഷെഡ്യൂൾ വച്ചല്ലല്ലോ നാം ജീവിക്കുന്നത് . അപ്പോൾ അതു കൊണ്ട് ജീവിക്കുന്ന കാലത്ത്, ഏറ്റവും അധികം ജീവിക്കാൻ കൊള്ളാവുന്ന ഒരു പ്രക്രിയയാണ് സിനിമ . സിനിമയിൽ, കലയായി ട്ടുള്ള സിനിമയുടെ രൂപവും പ്രകൃതവും അനുഭവിക്കാൻ പറ്റുന്നതാ ണ് ജീവിക്കുമ്പോൾ കൊള്ളാവുന്നത് . അത്തരം യഥാർത്ഥ സിനിമകൾ പ്രദർശിപ്പിക്കുന്ന കേരളത്തിലെ ഫിലിം പ്രസ്ഥാനം വളരെ വളരെ പ്രധാനമാണ് .

എഴുപതുകളിലൊക്കെ ഏറ്റവും കൂടുതൽ ഫിലിം സൊസൈറ്റിയിൽ പ്രവർത്തിച്ചിരുന്നത് കേരളത്തിലാണ് . 1965 ൽ തുടങ്ങിയ ഫിലിം സൊസൈറ്റി പ്രസ്ഥാനം 1970 ആയപ്പോഴേക്കും, ഇവിടെ നൂ റിലധികം ഫിലിം സൊസൈറ്റികൾ ഉണ്ടായി. ബംഗാളിലാണ് ഇതിനുമുമ്പ് ഏറ്റവും കൂടുതൽ ഉണ്ടായിരുന്നത്. 8 -10 .അതിനപ്പുറം ഇല്ല. പക്ഷേ നമ്മുടെ ഫിലിം സൊസൈറ്റികൾ വഴി സിനിമയിലു ണ്ടായ മാറ്റം ഇന്ത്യയിൽ തന്നെ എല്ലാവരും അംഗീകരിച്ച ഒരു കാര്യമാണ് . അങ്ങനെ ഇന്ത്യയിൽ ഏറ്റവും നല്ല ഫിലിം ഉണ്ടാക്കുന്ന ഒരു സ്ഥലം കേരളമാണ് . ഭാഷ മലയാളമാ ണ്. ഇതിൽ തീർച്ചയായിട്ടും ഫിലിം സൊസൈറ്റികൾക്ക് കാര്യമായ പങ്കുണ്ട് . സിനിമയെ പറ്റിയുള്ള ഒരു അവബോധം ഉണ്ടാക്കാൻ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന് കഴിഞ്ഞു. നമ്മുടെ സാംസ്കാരിക ജീവിതത്തെ വളരെയധികം സ്വാധീനിക്കാൻ കഴിഞ്ഞ ഒന്നാണ് ഫിലിം സൊസൈറ്റി പ്രസ്ഥാനം.

( keralapedia.com / Kerala Pedia News / 2025 ജൂലൈ 5 ന് തിരുവനന്തപുരം പ്രസ് ക്ലബ് ഹാളിൽ കേരളത്തിലെ ഫിലിം സൊസൈറ്റി കൂട്ടായ്മ സംഘടിപ്പിച്ച , കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ അറുപതാം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് അടൂർ ഗോപാലകൃഷ്ണൻ നടത്തിയ പ്രസംഗത്തിൽ നിന്ന് . )



# കേരളത്തിൽ ഒരു ചലച്ചിത്ര യൂണിവേഴ്സിറ്റി ഉണ്ടാവണം

**സാബു ശങ്കർ**
(ജനറൽ സെക്രട്ടറി, ഫിൽക്ക)



ഒരുപാട് സങ്കീർണ്ണതകൾക്കും പ്രതിസന്ധികൾക്കും ഇടയിലൂടെയാണ് ലോകചലച്ചിത്ര കലയെ സമൂഹത്തിനു പരിചയപ്പെടുത്തുന്ന, ചലച്ചിത്ര സാക്ഷരതാ പ്രവർത്തനം നിർവഹിക്കുന്ന, ഫിലിം സൊസൈറ്റികൾ കടന്നുപോകുന്നത്. ഏകോപനത്തിനും സുതാര്യമായ പ്രവർത്തനത്തിനും വേണ്ടി ഒരു ചലച്ചിത്ര യൂണിവേഴ്സിറ്റി എന്ന സങ്കല്പം ഫിൽക്ക ഫിലിം സൊസൈറ്റി മുന്നോട്ട് വയ്ക്കുന്നു .

ചലച്ചിത്ര കലയ്ക്കും വ്യവസായത്തിനും പ്രയോജനപ്രദമാവുന്ന പാഠ്യപദ്ധതികൾ ആവിഷ്ക്കരിക്കാനും വിവിധ ചലച്ചിത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അഫിലിയേഷൻ നൽകാനും സാധിക്കും. സിനിമയുമായി ബന്ധപ്പെട്ട മാർക്കറ്റിങ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ചലച്ചിത്രവും കലയും സമൂഹവുമായി ബന്ധപ്പെട്ട ഗവേഷണ പ്രബന്ധങ്ങൾ പരിശോധിച്ച് ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ നൽകാവുന്നതാണ് .സാംസ്കാരിക വകുപ്പ് ഫിലിം സൊസൈറ്റികളുടെ നിലനിൽപ്പിനായി നൽകുന്ന 50 ലക്ഷം രൂപയുടെ ഗ്രാന്റ് അഴിമതി ഇല്ലാതെ കൃത്യമായി അർഹമായ ഫിലിം സൊസൈറ്റികൾക്ക് വിതരണം ചെയ്യാൻ സാധിക്കണം .

ലോക ചലച്ചിത്രകലയുമായി ബന്ധപ്പെട്ട പ്രദർശനങ്ങളും മേളകളും ക്ളാസ്സുകളും ഏകോപിപ്പിക്കണം. വൈവിധ്യമാർന്ന തൊഴിലവസരങ്ങളും സംജാതമാവണം . പുതിയ ചലച്ചിത്രസൃഷ്ടികൾക്കുള്ള ക്രിയാത്മക - സാങ്കേതിക സഹായവും ലക്ഷ്യമായിരിക്കണം .

ഫിലിം സൊസൈറ്റി പ്രതിനിധികളും ചലച്ചിത്ര നിരൂപകരും ആയിരിക്കണം സിൻഡിക്കേറ്റ് അംഗങ്ങൾ . വൈസ് ചാൻസലർ അടൂർ ഗോപാലകൃഷ്ണനോ അതുപോലുള്ള ഒരാളോ ആയിരിക്കണം .

കേരള ചലച്ചിത്ര അക്കാദമി , ഫിലിം ഡെവലപ്മെന്റ് കോർപറേഷൻ , ഫിലിം ആർക്കൈവ് തുടങ്ങിയ സ്ഥാപനങ്ങൾ ഒക്കെയും ചലച്ചിത്ര യൂണിവേഴ്സിറ്റിക്ക് കീഴിൽ മെച്ചപ്പെട്ട പ്രവർത്തനത്തിനായി ക്രമീകരിക്കണം . വിപുലമായൊരു സിനിമാ മാർക്കറ്റിങ് നിർവഹണ വിഭാഗവും രൂപീകരിക്കണം .

കേരളത്തിൽ ഉന്നത നിലവാരത്തിലുള്ള ചലച്ചിത്രസൃഷ്ടികൾ പരിചയപ്പെടുത്തുന്നതിലൂടെ കൂടുതൽ പ്രേക്ഷകരെ, പ്രത്യേകിച്ച് യുവതലമുറയെ വളർത്തിയെടുക്കേണ്ടതുണ്ട് . അങ്ങനെയെങ്കിൽ മലയാള സിനിമാരംഗത്തെ വാണിജ്യ സിനിമയിലും ഗുണപരമായ മാറ്റങ്ങൾ സംഭവിക്കും .


മികച്ച പ്രേക്ഷകർ ഉണ്ടെങ്കിൽ സ്വഭാവികമായും മികച്ച സിനിമയും നിർമ്മിക്കപ്പെടും. അതുവഴി ഒരു സമൂഹത്തിന്റെ ബോധരൂപമായ കലയുടെ ആസ്വാദന - സംവേദന പ്രാപ്തി പുഷ്ടിപ്പെടും; കേരളീയ സാംസ്കാരിക മണ്ഡലത്തിൽ ഗുണപരമായ പ്രതിഫലനം ഉണ്ടാകും .


കല എന്നത് ഒരു സാംസ്കാരിക ഉൽപ്പന്നമാണ്. മികച്ച കലാസൃഷ്ടിയിൽ ആനന്ദത്തിന്റെ, വിനോദത്തിന്റെ ആത്മീയത ഉണ്ട്. ചലച്ചിത്ര പ്രവർത്തനം ഒരു സാംസ്കാരിക പ്രവർത്തനം തന്നെയാണ് . അതിനു നിലനിൽക്കാനും വളരാനും സാധിക്കണമെങ്കിൽ പ്രേക്ഷക സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കണം . സമഗ്രമായ പരിണാമം ലക്ഷ്യമാക്കിക്കൊണ്ട് വേണം ചലച്ചിത്ര യൂണിവേഴ്സിറ്റി രൂപംകൊള്ളാൻ .

സർക്കാരിന് സാമ്പത്തിക ബാധ്യത ഇല്ലാതെ , സ്വയംഭരണ സംവിധാനത്തോടെ, പ്രസ്തുത ചലച്ചിത്ര യൂണിവേഴ്സിറ്റിക്ക് മുന്നോട്ട് പോകാൻ സാധിക്കും - ലാഭത്തിൽ നിന്ന് വാണിജ്യ സ്ഥാപനങ്ങൾ മുദ്രണ - ദൃശ്യ - ശ്രവ്യ മാധ്യമത്തിൽ പ്രസിദ്ധപ്പെടുത്തുന്ന പരസ്യത്തിന്റെ തുകയിൽ നിന്ന് കേവലം ഒരു ശതമാനം (സെസ്സ് പോലെ ) ചലച്ചിത്ര യൂണിവേഴ്സിറ്റിക്ക് ലഭ്യമാക്കിയാൽ ; അതുപോലെ തീയേറ്ററുകളിൽ നിന്ന് വിനോദനികുതി ഇനത്തിൽ സർക്കാരിന് ലഭിക്കുന്ന മൊത്തം തുകയുടെ കേവലം ഒരു ശതമാനമെങ്കിലും ചലച്ചിത്ര യൂണിവേഴ്സിറ്റിക്ക് നീക്കിവെച്ചാൽ ............




黒沢明監督作品
蜘蛛巣城


THE BROTHERS KARAMAZOV
YUL BRYNNER
MARIA SCHELL · CLAIRE BLOOM
LEE J.COBB · ALBERT SALMI
RICHARD BASEHART


ДОН КИХОТ

# ത്രോൺ ഓഫ് ബ്ലഡ് -അകിരാ കുറോസാവ



**സുരേഷ്കുമാർ.സി**
സെക്രട്ടറി ,
ബീം ഫിലിം സൊസൈറ്റി



നൂറ്റാണ്ടുകൾക്കിപ്പുറവും സാംസ്കാരിക ചിന്തകളിൽ, കൗതുകത്തിനപ്പുറം ജിജ്ഞാസാഭരിതമായ സാന്നിദ്ധ്യമായി നിലനിൽക്കുന്നു എന്നതാണ് വില്യം ഷേക്സ്പിയറേയും അദ്ദേഹത്തിന്റെ കൃതികളേയും വിശ്വസാഹിത്യ വേദിയിൽ ഉയർത്തി നിറുത്തുന്നത്.

വൈവിധ്യമാർന്ന അനേകം രൂപ - ഭാവ മാറ്റങ്ങൾക്ക് പ്രചോദനമായിട്ടുള്ളവയാണ് ഷേക്സ്പിയറിന്റെ നാടകങ്ങൾ. പ്രത്യേകിച്ച് ഒഥല്ലോയും മാക്ബത്തും.

അക്കൂട്ടത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ട ഒരു ചലച്ചിത്ര രചനയാണ്, മാക്ബത്തിനെ മുൻനിർത്തി പ്രശസ്ത ജാപ്പനീസ് സംവിധായകനായ അകിരാ കുറോസാവ (1910 -1998 ) സൃഷ്ടിച്ച Throne of Blood (രക്ത സിംഹാസനം)

തന്നെ ഏറെ സ്വാധീനിച്ച കൃതി എന്ന നിലയിൽ വർഷങ്ങളോളം മനസ്സിൽ കൊണ്ട ു നടന്ന ശേഷമാണ് 1957 ൽ കുറോസാവ ചലച്ചിത്ര ഭാഷ്യത്തിന് രൂപം നൽകുന്നത്. കാല - ദേശ മാറ്റങ്ങളോടെ, ഷേക്സ്പിയർ നാടകത്തിന് സമാന്തരമായി ഒരു ജാപ്പനീസ് കഥ പുനസൃഷ്ടിക്കുകയാണ് കുറോസാവ ചെയ്തത്. ഭാര്യയുടെ പ്രേരണയിൽ തന്റെ പ്രഭുവിനെ വധിക്കുന്ന ഒരു സൈനികയോദ്ധാവിന്റെ കഥ തന്നെയാണ് കുറോസാവയും പറയുന്നത്.

ചിലന്തിവലക്കാട്ടിലെ കോട്ടയുടെ അധിപനായ ത്സുസുകി യുടെ കീഴിലെ സമുരായ് യോദ്ധാക്കളാണ് സുഹൃത്തുക്കളായ വാഷിസുവും മികിയും.

ശത്രുക്കളുമായുള്ള ഒരു യുദ്ധം ജയിച്ച ശേഷം കോട്ടയിലേക്കു തിരിച്ചു വരുന്ന വഴി കാട്ടിനുള്ളിൽ അവർ ഒരു പ്രേത രൂപിണിയെ (Spirit) കണ്ടുമുട്ടുന്നു. ഭാവി പ്രവചനത്തിന്റെ ഭാഗമായി, വാഷിസു വടക്കൻ മേഖലയുടെ അധിപനും മികി ഒന്നാം കോട്ടയുടെ സൈനിക മേധാവിയും ആയി നിയമിക്കപ്പെടുമെന്നും രൂപം അവരെ അറിയിക്കുന്നു.

കൂടാതെ, ഭാവിയിൽ വാഷിസുവും അതിനു ശേഷം മികി യുടെ മകനും ചിലന്തിവലക്കോട്ടയുടെയാകെ അധിപനാകുമെന്നും രൂപം അവരോട് പറയുന്നു.

വിജയശ്രീലാളിതരായി കോട്ടയിൽ തിരിച്ചെത്തുന്ന വാഷിസുവിനെയും മികിയെയും പ്രേതരൂപത്തിന്റെ വാക്കുകൾ അന്വർത്ഥമാക്കുന്ന നിയമനം നൽകിയാണ് ത്സുസുകി പ്രഭു സ്വീകരിക്കുന്നത്. വീട്ടിലെത്തിയ വാഷിസു നടന്ന സംഭവങ്ങളെല്ലാം ഭാര്യ അസാജിയുമായി പങ്കുവയ്ക്കുന്നു. പ്രവചന സാധ്യതകളിൽ അത്യാർത്തി പൂണ്ട ഭാര്യയുടെ പ്രേരണയിൽ ത്സുസുകി പ്രഭുവിനെ വകവരുത്താനുള്ള പദ്ധതിക്ക് അവർ രൂപം നൽകുന്നു.



വാഷിസുവിന്റെ ക്ഷണമനുസരിച്ച് സൽക്കാര ത്തിനെത്തിയ ത്സുസുവിനെ മുറിയിൽ ഒറ്റയ്ക്കാക്കി സഹായികളെ മദ്യം നൽകി മയക്കിക്കിടത്തുന്നു. ഉറക്കത്തിലായിരുന്ന ത്സുസുകിയെ വാഷുസി കുത്തിക്കൊല്ലുന്നു.

ചെയ്ത പ്രവൃത്തിയെയോർത്ത് അന്ധാളിച്ച് നിൽക്കുന്ന വാഷുസിയുടെ കയ്യിൽ നിന്നും ചോര പുരണ്ട കത്തി വാങ്ങി, ഭാര്യ അത് ഒരു സേവകന്റെ കൈകളിൽ പിടിപ്പിച്ച ശേഷം ബഹളമുണ്ടാക്കി ആളെ കൂട്ടുന്നു. ഇതിനിടയിൽ വാഷുസി സേവകനെ വധിച്ച് തെളിവ് സാധ്യത ഇല്ലാതാക്കുന്നു.

എന്നാൽ ത്സുസുകിയുടെ മകൻ കുനിമാരുവും ഉപദേശകനായ നൊരിയാസുവും വാഷുസി പ്രവൃത്തികളിൽ സംശയാലുക്കളാകുന്നു. സുഹൃത്തായ മികിയുടെ വിശ്വസ്തതയിൽ സംശയാലുക്കളായിരുന്നെങ്കിലും, സ്വന്തമായി കുഞ്ഞുങ്ങളില്ലാതിരുന്നത് കൊണ്ട് മികിയുടെ മകനെ അനന്തരാവകാശിയായി പ്രഖ്യാപിക്കാൻ വാഷുസിയും ഭാര്യയും തീരുമാനിക്കുന്നു.

പ്രഖ്യാപനത്തിനു തൊട്ട് മുൻപ് ഭാര്യ അസാജി ഗർഭിണിയാണെന്നറിയുന്നതോടെ അവർ മികിയെയും മകനെയും വകവരുത്താൻ തീരുമാനിക്കുന്നു.
ഒരു സൽക്കാരത്തിനിടയിൽ മികിയുടെ പ്രേതത്തെ കണ്ടെന്ന പോലെ അസ്വാഭാവികമായി പെരുമാറിയ വാഷുസിയെ ഭാര്യ അടക്കി നിർത്തുന്നു. അതിഥികൾ പിരിഞ്ഞയുടനെ ഒരു സേവകൻ അറുത്തെടുത്ത മികിയുടെ തലയുമായി



July Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World Cinema Part-II FilmFestival





പ്രത്യക്ഷപ്പെടുന്നു. മികിയെ വധിച്ചെന്നും മകൻ രക്ഷപ്പെട്ടെന്നും അയാൾ അറിയിക്കുന്നു. ആ സേവകനെയും വാഷുസി കൊന്നു കളയുന്നു.

വധശ്രമത്തിൽ നിന്നും രക്ഷപ്പെട്ട മികിയുടെ മകൻ യോഷിതേരുവും ത്സുസുകി പ്രഭുവിന്റെ മകൻ കുനിമാരുവും മുൻകാല ശത്രുവായ ഇനിയുവുമായി സഖ്യം ചേർന്ന് തനിക്കെതിരെ പടയ്ക്കൊരുങ്ങുന്നതായി വാഷുസി മനസ്സിലാക്കുന്നു. ഒപ്പം തന്റെ അനുയായികളിൽ പലരും തന്നെ വിട്ടു പോകുന്നതായും.

പരിഭ്രാന്തനായ വാഷുസി ഭാവി അറിയാനായി പഴയ പ്രേതരൂപത്തെ ത്തേടി കാട്ടിലെത്തുന്നു. ചിലന്തിവലക്കാട്ടിലെ മരങ്ങൾ തന്റെ കോട്ടയിലേക്കെത്തിയാലല്ലാതെ വാഷുസിയെ ആർക്കും തോൽപ്പിക്കാനാവില്ല എന്ന പ്രവചനം കേട്ട് ധൈര്യവാനായി അദ്ദേഹം മടങ്ങുന്നു. എന്നാൽ, അർദ്ധ ബോധാവസ്ഥയിൽ പരിഭ്രാന്തമായി തന്റെ കയ്യിൽ പുരണ്ട ചോര ചുരി കഴുകിക്കൊണ്ടേയിരിക്കുന്ന ഭാര്യ യെയാണ് അടുത്ത ദിവസം രാവിലെ വാഷുസി കാണുന്നത്. പുറത്ത് പട്ടാളക്കാർ വിളിച്ചു പറഞ്ഞ വാക്കുകൾ വാഷുസിയെ വല്ലാതെ പരിഭ്രാന്തനാക്കി. ചിലന്തിവലക്കാട്ടിലെ മരങ്ങൾ കോട്ടയെ ആക്രമിക്കാനായി വരുന്നു എന്നതായിരുന്നു ആ വാക്കുകൾ. തന്റെ പട്ടാളക്കാരെ യുദ്ധസന്നദ്ധരാക്കാനുള്ള വാഷുസിയുടെ ശ്രമം പരാജയപ്പെടുന്നു. പട്ടാളക്കാർ വാഷുസിക്കെതിരെ തിരിയുകയും തുരുതുരാ അമ്പുകളയയ്ക്കുകയും ചെയ്യുന്നു. കഴുത്തിൽ തറച്ച ഒരമ്പേറ്റ് വാഷുസി വീഴുന്നു. കാട്ടിൽ നിന്നും വെട്ടിയെടുത്ത മരങ്ങൾ മറയാക്കി എതിർ സൈന്യം അപ്പോഴേക്കും അടുത്തെത്തിക്കഴിഞ്ഞിരുന്നു.

അവസാന സീനിലെ അമ്പെയ്ത്ത് ആണ് കുറോസാവ വരുത്തിയ പ്രധാന മാറ്റം. മറ്റെല്ലാം മാക്ബത്തിനെ സ്കോട്ട്ലന്റിൽ നിന്നും ജപ്പാനിലേക്കുള്ള പറിച്ചു നടൽ തന്നെയാണ്.

അക്കാലത്തെ ഏറ്റവും ചെലവേറിയ സിനിമയായിരുന്നു കുറോസാവയുടെ രക്ത സിംഹാസനം ( Throne of Blood ). വില്യം ഷേക്സ്പിയറുടെ മഹത്തായ കൃതിയുടെ ഏറ്റവും മികച്ച പുനരാവിഷ്ക്കാരവും.


July Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World Cinema Part-II FilmFestival



# അകിര കുറോസാവ: ലോകസിനിമയിലെ ജാപ്പനീസ് ഫിലിം മാസ്റ്റർ



**നിമിഷ ഹെലൻ**
(ഫിൽക്ക)



ജപ്പാനീസ് ചലച്ചിത്ര രംഗത്ത് സംവിധാനം, തിരക്കഥ, നിർമാണം എന്നീ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭയാണ് അകിര കുറോസാവ. 1910 മാർച്ച് 3 നു ടോക്യോയിൽ ജനിച്ച അദ്ദേഹം വിശ്വസാഹിത്യ കൃതികളെ ചലച്ചിത്രവത്കരിക്കുന്നതിലും പ്രമുഖനായിരുന്നു. ഷേക്സ്പിയറിന്റെ കിങ് ലിയർ, മാക്ബത് എന്നിവയെ അടിസ്ഥാനമാക്കി റാൻ (1985), ത്രോൺ ഓഫ് ബ്ലഡ് (1957) ദസ്തയോവ്സ്കിയുടെ ദ ഇഡിയറ്റ് എന്നിവ ചലച്ചിത്രവത്കരിച്ചു.

അദ്ദേഹം ലോകസിനിമയുടെ ചരിത്രത്തിൽ ഏറ്റവും മഹത്വപ്പെട്ട സംവിധായകരിൽ ഒരാളായി ആദരിക്കപ്പെടുന്നു. ഗോൾഡൻ ലയൺ, പാം ദോർ, ലെജിയൻ ദ് ഓണർ ഓർഡർ ഓഫ് കൾച്ചർ, അക്കാദമി അവാർഡ് ഫോർ ലൈഫ്ടൈം അച്ചീവ്മെന്റ് തുടങ്ങി നിരവധി പുരസ്കാരങ്ങൾക്ക് അദ്ദേഹത്തിന്റെ സിനിമകൾ അർഹമായിട്ടുണ്ട്.

1940 കൾക്ക് ശേഷം പുറത്തിറങ്ങിയ സാൻ ഷിറോ സുഖത (1943), ദ മോസ്റ്റ് ബ്യൂട്ടിഫുൾ (1944) എന്നിവയാണ് സംവിധാനി ചെയ്ത ആദ്യകാല സിനിമകൾ.

1950 കൾ മുതൽ പുറത്തിറങ്ങിയ റാഷോമോൺ (1950), ദ ഇഡിയറ്റ് (1951), സെവൻ സാമുറായി (1954), റിക്കാർഡ് ഓഫ് എ ലിവിങ് ബീയിങ് (1955) എന്നീ സിനിമകൾ അകിര കുറോസാവയെ ആഗോള തലത്തിൽ പ്രശസ്തനാക്കി.

പിന്നീട് 1960 മുതൽ 1995 വരെയുള്ള കാലഘട്ടത്തിൽ 10 – ഓളം സിനിമകൾ സംവിധാനം ചെയ്ത അദ്ദേഹം 1998 ൽ തന്റെ 88 മത് വയസ്സിൽ അന്തരിച്ചു. അര നൂറ്റാണ്ടിന്റെ സിനിമപാരമ്പര്യ ചരിത്രമുള്ള ചലച്ചിത്ര പ്രതിഭാജീവിതം അതോടെ അവസാനിച്ചു.

ഭാര്യ യോകോ യുഗുചി ( 945 - 1985) രണ്ട് മക്കൾ ഹിസാവോ , കസുകോ എന്നിവരടങ്ങുന്നതായിരുന്നു അദ്ദേഹത്തിന്റെ കുടുംബം.


അവസാന കാലഘട്ടത്തിലെ ചിത്രങ്ങൾ :
റെഡ് ബിയെർഡ് (1965)
ഡോഡെസ്കാ-ഡെൻ (1970),
ദേഴ്സു ഉസാല (1975)
കാഗെമുഷ (1980)
റാൻ (1985),
ഡ്രീംസ് (1990),
റാപ്സഡി ഇൻ ഓഗസ്റ്റ് (1991),
മദാദയോ (1993) .

**പ്രമുഖ സിനിമകൾ:**

**റാഷോമോൺ (1950):** ജാപ്പനീസ് സിനിമയെ പടിഞ്ഞാറൻ ലോകത്തേക്കു പരിചയപ്പെടുത്തിയ സിനിമയാണ് . വെനിസ് ഫിലിം ഫെസ്റ്റിവലിൽ ഗോൾഡൻ ലയൺ നേടി.



**സെവൻ സാമുറായ് (1954):** ഒരു ഗ്രാമത്തെ രക്ഷിക്കാനായി ഒന്നിച്ചുകൂടുന്ന സാമുറായ് മാരെ കുറിച്ചുള്ള ക്ളാസിക് നാടോടി സിനിമ.



**യോജിംബോ (1961):** രണ്ട് ഗ്യാങ്ങുകൾ നിയന്ത്രിക്കുന്ന ഗ്രാമത്തിൽ ഇരുവശത്തേ യും എതിരാക്കുന്ന, അലഞ്ഞുതിരിഞ്ഞു നടക്കുന്ന സമുറായി യോദ്ധാവിന്റെ കഥ.



**കാഗെമുഷ (1980):** കാൻ ഫിലിം ഫെസ്റ്റി വലിൽ പാം ദോർ നേടിയ ചരിത്രചിത്രം.



ചിത്രകാരനും കയ്യക്ഷര കലാകാരനുമായിരു ന്നതിന്റെ കലാപാടവം സിനിമയുടെ ദൃശ്യഭാഷയിലും കാണാം.അകിര കുറോസാവയുടെ സിനിമകളിലെ ദൃശ്യശൈലിയിലുള്ള മനോഹാരി തയും വർണനാപരതയും കൊണ്ട് അദ്ദേഹം ലോക സിനിമയിലെ ജാപ്പനീസ് ഫിലിം മാസ്റ്റർ എന്നാണ് വിശേഷിപ്പിക്കപ്പെടുന്നത്.

# Macbeth: The wages of sin is death



Dr.Lalitha Goury
( Filca )



William Shakespeare's Macbeth explores themes of ambition, power and guilt. The progress of this story from a 11th century Scottish setting is heavily laden with moral values.It is the story of a Scot nobleman's rise to power incited by his more ambitious wife, and the subsequent downfall, as the inevitable consequence.

Macbeth, a Scottish general, encounters three witches who foretell his future, predicting he'll become Thane of Cawdor and eventually King of Scotland. Macbeth's desire for power is ignited, and he begins to consider taking action to make the prophecy a reality.

King Duncan, the current King of Scotland, visits Macbeth's castle, providing an opportunity for Macbeth to act on his ambition. Macbeth's wife, Lady Macbeth, goads him into committing the murder, questioning his manhood and courage. Macbeth kills King Duncan while he's sleeping, but the act is discovered, and Macbeth is wracked with guilt and paranoia.

Macbeth seizes the throne, and reigns for a short period that is marked by tyranny, violence, and bloodshed. Macbeth's guilt and paranoia intensify, leading him to order more murders, including those of his friends and enemies.

Lady Macbeth, who initially pushed Macbeth to commit the murder, becomes increasingly consumed by guilt and madness. Macduff, a Scottish nobleman, discovers the truth about King Duncan's murder and joins forces with Malcolm, the rightful heir to the throne.Macbeth faces off against Macduff and Malcolm's forces in a final battle, where he's ultimately killed. With Macbeth's death, order is restored in Scotland, and Malcolm becomes the new king.Macbeth's ambition and desire for power drive the plot and his actions. His guilt and conscience are explored through his inner turmoil.





Universal themes of blind ambition, the tyranny of power, love and marital relationship, belief in the supernatural and the temptation of evil - all these underline the tragic appeal of Macbeth. Driven by blind ambition and the need to retain power, desperation leads Macbeth's mental state to deteriorate as he becomes increasingly paranoid and tyrannical. The play raises questions about the nature of free will and fate, with Macbeth's actions seemingly predetermined by the witches' prophecies.

The play explores the nature of evil, with Macbeth's transformation from a noble and respected general to a tyrannical and ruthless leader. The complexities and flaws of human nature are highlighted. The play explores the dynamics of power and the corrupting influence it can have on individuals.

The play portrays the social hierarchy of Scotland, with the king at the top and the thanes and nobles below him. The play explores the themes of loyalty and betrayal, particularly in the relationships between Macbeth and King Duncan, and Macbeth and his friends.

Macbeth is considered one of the four great tragedies of Shakespeare, along with King Lear, Hamlet and Othello. Macbeth's soliloquys in the play are some of the most famous and oft- quoted lines from Shakespeare that continue to appeal to all kinds of readers down the centuries.

"It is a tale told by an idiot, full of sound and fury, signifying nothing" from the famous "tomorrow and tomorrow...soliloquy to Lady Macbeth's lament that 'all the perfumes of Arabia will not sweeten this little hand' to phrases like 'vaulting ambition' and 'milk of human kindness' have become some of the most popular literary usages of all time.





കവിത

# മാക്ബത്ത് - നാടകവും സിനിമയും

**രാജാംബിക**
(അസോസിയേറ്റ് എഡിറ്റർ,
ഫിൽക്ക മാഗസിൻ)

കാലമെന്നും ചമയ്ക്കുന്ന ചിത്രത്തിൽ
കാൺമൂ മാക്ബത്തുമാരനേകം

സൂര്യൻ തിളങ്ങുന്നു എന്നും
മനോജ്ഞമായി
ഒരുനാളേയ്ക്കെങ്കിലും ഗ്രഹണം ബാധിച്ചു
ക്ഷയിക്കുന്നു.

സുമനസ്സുകളിലേക്കന്ധകാരത്തിൽ
കരിന്തേളുകൾ എന്നും വിഷം പകരുന്നു

രക്തസിംഹാസനത്തിൻ അധികാര
പറുദീസ
മാടിവിളിക്കയായി എന്നും ലഹരിയായി.
മനോവ്യാധിമന്ത്രവാദജല്പനങ്ങൾ
ഓതിക്കൊടുക്കുന്ന പൊട്ടു വിദ്യകളിൽ
ജിജ്ഞാസയേറിത്തുടികൊട്ടും
മനസ്സിലൊരു രക്തസിംഹാസനത്തിൻ
വർണ്ണ ചിത്രം.

ഏതു കാലത്തുമവർ വരും
പ്രലോഭനുമായി
ഏറ്റവുമുള്ളിൽ
മയങ്ങിക്കിടക്കുന്നയത്യാഗ്രഹത്തിൻ
രക്തക്കളകളെക്കുത്തിയുണർത്തി
രക്തസിംഹാസനങ്ങൾക്കു മേൽ
പതിക്കാൻ.

മാക്ബത്തിൻ
മനസ്സൊന്നിടറിയോ, ആക്ഷേപ
സ്വരങ്ങളാൽ
അപമാനമേറ്റ നേരം,
യവനികയ്ക്കപ്പുറം ഊട്ടുന്ന വിരുന്നിൻെറ
യവനികയില്ലാത്ത ചതിയുടെയവസാനം

ശവമഞ്ചമൊരുങ്ങുന്നു,
ചെങ്കോലും, കിരീടവും
രക്തസിംഹാസനം തന്നെയും
കൈമാറപ്പെടുന്നു.

നിശബ്ദമാക്കുന്നു സന്ദേഹത്തിൻ
മുനകളെ,
നിശബ്ദ സാക്ഷികളെ, മടക്കുന്നു
ചോദ്യശരങ്ങളെ...

കുറ്റബോധത്താൽ നീറിടുമ്പോഴും
കരളിൻെറ
കുളിരിനെയഗ്നി വിഴുങ്ങുമ്പോഴും

നിദ്ര പോലുമന്യമായി
പാപഭാരമേറെയായി
പരിഭ്രമത്തിൻ നീരാളി പിടുത്തം
അസ്തമിച്ചിടാതെയായി.

പിന്നെയും
അധികാര പ്രമത്തത പടർന്ന കരിനിഴൽ
അത്യാഗ്രഹത്തിന്റെ ചെഞ്ചായം
നിറയ്ക്കുമ്പോഴും

സ്വേച്ഛാധിപതിയുടെ ശിരസ്സ്
ഛേദിക്കുവാൻ പൊട്ടിപ്പുറപ്പെട്ടു
കലഹങ്ങൾ പടർന്നു കയറുന്നു.

ചിലന്തിവലക്കോട്ടയിലെ
പച്ചിലക്കാടുകളിൽ
പകലിരവുകളറിയാതെ വൻ സൈന്യം
നീങ്ങുന്നു

പച്ചിലച്ചില്ല ചാർത്തുകൾക്കിടയിലൂടെ
പകപോക്കലിൻെറ
തീത്തിളക്കങ്ങൾ ചാരെ

സ്ത്രീ പ്രസവിച്ചവർ
അപായപ്പെടുത്തില്ലെന്ന
സ്ത്രീ സ്വരൂപ പ്രവചനത്തിൽ
ആശ്വാസം പൂണ്ടവൻ
കാട് ഒരു നാളിലും കുന്നു കയറി
വരില്ലെന്നന്ധമായി
വിശ്വസിച്ചവൻ

പാപഭാരങ്ങളുടെ വിഭ്രാന്തിയിൽ
നേർപാതി സ്വപ്നാടകയായി,
പുരളാത്ത രക്തക്കറ
കഴുകിത്തളരുന്നു.

അറേബ്യയിലെ മുഴുവൻ
സുഗന്ധതൈലങ്ങൾക്കുമാകില്ലയീ
പാപഭാരക്കറ കഴുകിക്കളയുവാൻ
ശിരസ്സിൽ തല്ലി, പ്രഭ്വി അലമുറയിടുന്നു.

ചെയ്ത കുറ്റങ്ങൾ എത്ര ഉച്ചത്തിൽ
ഏറ്റു ചൊല്ലിയാലും
വൻമലകളിൽ തട്ടി
പ്രതിധ്വനിച്ചാലും

പാപത്തിൻ ശമ്പളം മരണമത്രേ,
അതു പേറണം നാം...

പാപപ്രേരണയായവൾ സ്വജീവൻ
വെടിഞ്ഞു സ്വയമസ്തമിച്ചു പോയി.

പേറിനു മുൻപേ വയർ കീറി
പിറന്നവൻ പാപത്തിൻ
പ്രതിഫലവുമേറ്റ്,
ചേതനയറ്റ ശിരസ്സുമായി.

അധികാരമോഹവലയങ്ങൾ തീർത്ത
ഹിംസതൻ നാഗങ്ങൾ ഫണമുയർത്തി,
സീൽക്കാരത്തോടെ പുളയുന്നുവെന്നും.

രാഷ്ട്രീയ സാംസ്കാരിക നടവഴികളിൽ
പെരുകുന്നു തിരുത്തലുകളേശാത്ത
മാക്ബത്തുമാർ ...

നാടകമോ, സിനിമയോ,
നിത്യജീവിത സമസ്യയോ,
ഏതാകിലും
ക്രൂരതകൾക്കൊടുവിലായ് കിട്ടുന്നതോ
അനിവാര്യമായ വിധി...
പാപത്തിൻ ശമ്പളം മരണമത്രേ...!




Higher Education Department
കേരള സർക്കാർ
ഉന്നത വിദ്യാഭ്യാസ വകുപ്പ്
asap
ആധുനിക തൊഴിൽ മേഖലകളിൽ അസാപ് കേരള നൽകുന്ന
പരിശീലനം വഴി മികച്ച തൊഴിൽ അവസരങ്ങൾ സ്വന്തമാക്കാം
അസാപ് കേരളയുടെ
നൂതന ഹ്രസ്വകാല
നൈപുണ്യപരിശീലന
കോഴ്സുകൾ
ഇനി ലോകം നിങ്ങളെ തേടട്ടെ...!!!
ചെറിയ കാലയളവിൽ
പരിശീലനം
വലിയ വേതനത്തിൽ
ജോലി
GET SKILLED WITH ASAP KERALA
www.asapkerala.gov.in
9495 999 623/709

# കരമസോവ് സഹോദരന്മാരിലൂടെ



**സുനിൽകുമാർ. ബി**
(ഫിൽക്ക)



റഷ്യൻ സാഹിത്യകാരൻ ഫിയോദർ ദസ്തയ്സ്കിയുടെ അവസാനത്തെ നോവലാണ് കരമസോവ് സഹോദരന്മാർ. 1880 നവംബർ മാസത്തിലാണ് ഈ കൃതി പൂർത്തിയായി വെളിച്ചം കണ്ടത്. മതം, സ്വാതന്ത്ര്യേച്ഛ, സാന്മാർഗ്ഗികത എന്നിവയുടെ ധാർമ്മികസമസ്യകൾ ചർച്ചചെയ്യപ്പെടുന്ന ഒരു ദാർശനിക രചനയാണ് ഈ നോവൽ.

ആധുനികവൽക്കരിയ്ക്കപ്പെട്ടുകൊണ്ടിരുന്ന റഷ്യ പശ്ചാത്തലമായി, വിശ്വാസം, സന്ദേഹം, യുക്തി എന്നിവയെല്ലാം ഈ നോവലിൽ ചർച്ച ചെയ്യപ്പെടുന്നു. 2007 - ൽ ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ ഈ നോവലിനെ പ്രത്യാശയാൽ നാം രക്ഷിയ്ക്കപ്പെട്ടു എന്ന ചാക്രികലേഖനത്തിൽ പരാമർശിച്ചിട്ടുണ്ട്. വെറിയനും ക്രൂരനും ലുബ്ധനും കോമാളിയുമായ ഫിയോദർ കരമസോവിന്റെ കൊലപാതകത്തിന്റെ ദുരൂഹത പശ്ചാത്തലമാക്കി അയാളും വ്യത്യസ്ത സ്വഭാവക്കാരായ നാല് ആണ്മക്കളും ചേർന്ന ശിഥിലകുടുംബത്തിന്റെ കഥ പറയുകയാണ് നോവലിസ്റ്റ്.

ഏറെ സങ്കീർണ്ണതകൾ നിറഞ്ഞ ഈ ശിഥിലകുടുംബത്തിന്റെ കഥയിൽ നോവലിസ്റ്റ് ക്രിസ്തീയമായ രക്ഷയുടെ സാധ്യതകൾ അന്വേഷിയ്ക്കുന്നുണ്ട്. നോവലിലെ കഥാപാത്രമായ ഗുരു സോസിമാപാതിരി സവിശേഷമായൊരു ക്രിസ്തീയ വീക്ഷണത്തിന്റെ വക്താവായി പ്രത്യക്ഷപ്പെടുന്നു. ദുർന്നടപ്പും ദുർവ്യയവുമായി നടക്കുന്ന ദിമിത്രി, ദൈവത്തിലും ആത്മാവിന്റെ അമർത്യതയിലും വിശ്വാസമില്ലാത്ത ഇവാൻ, സാത്വികനും ദൈവഭക്തനുമായ അലോഷ്യ, ആത്മീയ ഗുരുവും വയോവൃദ്ധനുമായ സോസിമാപാതിരി, ഫിയോദറിന്റെ പാചകക്കാരനും വാല്യക്കാരിയിൽ ജനിച്ച മറ്റൊരു മകനുമായ സ്മെർദ്യാക്കോവ് എന്നിവരാണ് ഈ നോവലിലെ പ്രധാന കഥാപാത്രങ്ങൾ.

ക്രിസ്തീയമായ രക്ഷയുടെ സാധ്യതകൾ അന്വേഷിയ്ക്കുന്നുണ്ട് എങ്കിലും നോവലിസ്റ്റ് ഉന്നയിയ്ക്കുന്ന ബൗദ്ധിക സന്ദേഹങ്ങളും അദ്ദേഹം സൃഷ്ടിയ്ക്കുന്ന കഥാപാത്രങ്ങളുടെ ആത്മീയ കലാപങ്ങളും ഈ അന്വേഷണത്തെപ്പോലെ തന്നെ വായനക്കാരെ ആകർഷിയ്ക്കുന്നു.



1870-ൽ റഷ്യയിൽ നടക്കുന്ന ഒരു കുടുംബ കഥയാണിത് . ശിഥിലചിത്തനും സുഖ ലോലുപനും മദ്യപാനിയും സത്യസന്ധത യില്ലാത്ത ബിസിനസുകാരനുമായ ഫിയോദർ കരമസോവിന്റെ കുത്തഴിഞ്ഞ ജീവിതത്തിൽ മൂന്ന് നിയമാനുസൃത പുത്ര ന്മാരുടെ വ്യത്യസ്ത നിലപാടുകൾ നമുക്ക് കാണാം.

സൈന്യത്തിൽ ക്യാപ്റ്റനായ ദിമിത്രിയ്ക്ക് ജീവിതം ആർഭാടത്തിന്റേതാണ് . സ്വതന്ത്ര ചിന്തകനും എഴുത്തുകാരനുമാണ് ഇവാൻ. ക്രൈസ്തവ വൈദികനാണ് അലക്സി. ധൂർത്തനായ ദിമിത്രി, മദ്യപിക്കുന്നതിനും പാർട്ടി നടത്തുന്നതിനും മരണപ്പെട്ട അമ്മ യുടെ പാരമ്പര്യസ്വത്തിൽ നിന്നുള്ള പണം പിതാവ് ഫിയോദർ കരമസോ വിൽ നിന്ന് പിടിച്ചെടുക്കാനും ശ്രമിച്ചു കൊണ്ടിരിക്കുന്നു . അത് എപ്പോഴും ഒരു തർക്കത്തിലാണ് അവസാനിക്കുന്നത് . മദ്യത്തിനും സ്ത്രീകൾക്കുമായി പണം ചെലവഴിക്കാനാണ് അയാൾ ഇഷ്ടപ്പെടുന്നത് . ദിമിത്രിക്ക് ഇടയ്ക്കിടെ പണം നൽകുന്നതിനുമുമ്പ്, ഫിയോദർ കരമസോവ് പ്രോമിസറി നോട്ടിൽ ഒപ്പിടാൻ അവനെ നിർബന്ധിക്കുന്നുണ്ട് . അങ്ങനെ നിരവധി കടപ്പത്രങ്ങൾ മകനിൽ നിന്ന് പിതാവ് കരസ്ഥമാക്കിയിട്ടുണ്ട് .

സഹോദരൻ അലക്സി, പിതാവ് ഫിയോദർ കരമസോവിൽ നിന്ന് കൈക്കലാക്കുന്ന തുകയുടെ ഒരു ഭാഗം ദിമിത്രിക്ക് ഇടയ്ക്കിടെ നൽകുന്നു. ഒരു കലഹത്തിൽ മദ്യപിച്ച് ലക്കുകെട്ട ദിമിത്രി ഒരു മദ്യശാല തകർക്കുന്നുമുണ്ട് .

സാമ്പത്തിക ഉത്തരവാദിത്തമില്ലായ്മ യ്ക്ക് പുറമേ, ദിമിത്രിക്ക് ഒരു വിചിത്രമായ ധീരതയുമുണ്ട്. ഒരു സൈനിക ക്യാപ്റ്റന്റെ നിരാശയായ മകൾ കത്യ തന്റെ പിതാവിൽ നിന്ന് മോഷ്ടിച്ച അയ്യായിരം റൂബിൾ തിരികെ വയ്ക്കുവാൻ ദിമിത്രിയെ സമീപിച്ചു . പണത്തിനു പകരമായി അവൾ തന്റെ ശരീരം പങ്കുവയ്ക്കാൻ ദിമിത്രിയെ അനുവദിക്കുന്നു . വില പേശലിനൊടുവിൽ ദിമിത്രി പരിഹാസ പൂർവ്വം അവളോട് വിവാഹാഭ്യർത്ഥന നടത്തുന്നു. വിവാഹാഭ്യർത്ഥന കത്യ നിരസിക്കുമ്പോൾ ഒരു വിലപേശലിനും വഴങ്ങാതെ ദിമിത്രി അവൾക്ക് വെറുതെ പണം നൽകി അവളെ പറഞ്ഞയയ്ക്കുന്നു. മദ്യശാലയിലെ കലഹത്തിന് ദിമിത്രി അറസ്റ്റിലായി . ഒരു സൈനിക ജയിലിലുമായി . കത്യ അയാളെ സന്ദർശിക്കുന്നു. കത്യ അവനോട് തന്റെ ആരാധന പ്രകടിപ്പിച്ചു . ജയിൽ മോചനത്തിനായി വേണ്ടുന്ന സഹായ വും വാഗ്ദാനം ചെയ്യുന്നു.



ഇപ്പോൾ അവളുടെ മുത്തശ്ശി അവൾക്ക് വിവാഹത്തിന് ഉദാരമായ ഒരു സ്ത്രീധനം കരുതിയിട്ടുണ്ട് . അവൾ ഫിയോദർ കരമ സോവുമായുള്ള ദിമിത്രിയുടെ കടങ്ങൾ തീർക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അത് ദിമിത്രി നിരസിക്കുന്നുവെങ്കിലും അവൾ ദിമിത്രിയെ ജയിലിൽ നിന്ന് ജാമ്യത്തിൽ വിടാൻ സഹായിക്കുന്നു.

ദിമിത്രിയുടെ ചെറുപ്പകാലത്തെക്കുറിച്ചുള്ള വിവരങ്ങൾ കത്യ ഇവാനോട് ചോദിക്കു മ്പോൾ, ഇവാൻ അവളിലേക്ക് ആകർ ഷിക്കപ്പെടുന്നു. ദിമിത്രി മാസങ്ങളോളം നഗരം വിട്ടു പോകുന്നു. ദിമിത്രിയുടെ അഭാവത്തിൽ, ഇവാൻ ദിവസവും കത്യയെ സന്ദർശിക്കുന്നു. അതേസമയം പിതാവ് ഫിയോദർ കരമസോവ് യുവസുന്ദരിയും കൗശലക്കാരിയുമായ മദ്യശാല ഉടമ ഗ്രുഷെങ്കയെ ആഗ്രഹിക്കുന്നു .ദിമിത്രിയുടെ അനന്തരാവകാശം ഇല്ലാതാ ക്കാൻ കത്യ വഴി ഫിയോദറും ഗ്രുഷെങ്ക യും പദ്ധതിയിടുന്നു. ഗ്രുഷെങ്കയുടെ പ്രീതി നേടുന്നതിനായി, ഫിയോദർ അവൾക്ക് ദിമിത്രിയുടെ ബാധ്യതാപത്രം കൈവശമാക്കാൻ അനുവദിച്ചിട്ടുണ്ട് .

കത്യയുടെ പിതാവ് മുൻ സൈനിക ക്യാപ്റ്റൻ , സ്നെഗിരിയോവ് എന്ന ജീവനക്കാരനെ ക്കൊണ്ട് ദിമിത്രിയുടെ എല്ലാ കടങ്ങളും വിലപേശി വാങ്ങി തിരിച്ചടവ് ആവശ്യ പ്പെടുന്നു.

പണം നൽകാൻ കഴിയാതെ, കടക്കാര നായ ദിമിത്രി ജയിലിലേക്ക് പോകുമ്പോൾ ഫിയോദറിന് ദിമിത്രിയുടെ അവകാശം നിയമപരമായി നിലനിർത്താൻ കഴിയുന്നു. തെരുവിൽ സ്നെഗിരിയോവിനെ നേരിടുന്ന ദിമിത്രി, ഇളയ മകൻ ഇല്ല്യുഷയുടെ മുന്നിൽ വച്ചു അയാളെ അപമാനിക്കുന്നു. ദിമിത്രി യുടെ കടങ്ങൾ വീട്ടാൻ കത്യ വീണ്ടും വാഗ്ദാനം ചെയ്യുന്നുവെങ്കിലും ദിമിത്രി വിസമ്മതിക്കുന്നു. മൂവായിരം റൂബിൾ അടങ്ങിയ ഒരു കത്ത് തന്റെ പിതാവിന് അയയ്ക്കാൻ അവൾ ദിമിത്രിയോട് ആവശ്യപ്പെടുന്നു.

ദിമിത്രി പണപ്രശ്നം പരിഹരിക്കാൻ ഗ്രുഷെങ്കയെ കാണുന്നു. അവിചാരിതമായി ഇരുവരും ഇഷ്ടത്തിലാവുന്നു . കത്യയെ വിവാഹം കഴിക്കേണ്ടെന്ന് അവൻ തീരു മാനിച്ചപ്പോൾ ഗ്രുഷെങ്ക അവന്റെ





കടബാധ്യത പരിഹരിക്കാൻ ശ്രമിക്കുന്നു . വിവാഹനിശ്ചയം ഒഴിവാക്കാൻ കത്യയോട് സംസാരിക്കാൻ ദിമിത്രി അലക്സിയോട് ആവശ്യപ്പെടുന്നു.ദിമിത്രിയും ഗ്രുഷെങ്കയും വികാരാധീനമായ പ്രണയത്തിലായി . എന്നാൽ ദിമിത്രിയുടെ ആസക്തി കൂടുതൽ വിനാശകരമാവുന്നു .

എഴുത്തുകാരനും ബുദ്ധിജീവിയുമായ ഇവാനെ നീചനായ സ്മെർദ്യാക്കോവ് വളരെയധികം അഭിനന്ദിക്കുന്നു. ദൈവം ഇല്ലെങ്കിൽ എല്ലാ പെരുമാറ്റങ്ങളും അനുവദനീയമാണെന്ന് സംഭാഷണത്തിൽ ഇരുവരും സമ്മതിക്കുന്നുണ്ട് . തന്റെ പിതാവിനെ കാണുന്നുണ്ടെന്ന് സംശയിക്കുന്ന ഗ്രുഷെങ്കയെ ചൊല്ലി ദിമിത്രി രോഷാകുലനായി . പിതാവ് ഫിയോദർ പരിഹസിച്ചപ്പോൾ, ദിമിത്രി തന്റെ പിതാവിനെ ആക്രമിക്കുന്നു . ഗ്രുഷെങ്ക യെ കണ്ടാൽ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു.

ദിമിത്രിയുടെ നിർദ്ദേശപ്രകാരം അലക്സി കത്യയുടെ അടുത്തേക്ക് പോകുന്നു. അവിടെ ഗ്രുഷെങ്കയെ കത്യയുടെ കൂടെ അയാൾ കണ്ടുമുട്ടുന്നു .

ഗ്രുഷെങ്ക, ദിമിത്രിയുടെ പെരുമാറ്റം മടുത്തു വെന്നും ഒരു പോളിഷ് ഉദ്യോഗസ്ഥന്റെ കൂടെ പോകാൻ ആഗ്രഹിക്കുന്നുവെന്നും അലക്സിയെ അവൾ അറിയിച്ചു . കത്യയെ ഉപേക്ഷിക്കാൻ ദിമിത്രിയെ പ്രേരിപ്പിച്ചിട്ടില്ലെന്ന് വെളിപ്പെടുത്തിക്കൊണ്ട് ഗ്രുഷെങ്ക പോകുന്നു. താൻ മോസ്കോയിലേക്ക് പോകുകയാണെന്ന് കത്യയെ അറിയിക്കാൻ ഇവാൻ എത്തുന്നു. തന്റെ കൂടെ താമസിക്കാൻ കത്യ അവനെ നിർബന്ധിക്കുന്നു .ദിമിത്രിയുമായി പ്രണയത്തിലായിരിക്കുമ്പോൾ, തന്നെ പ്രലോഭിപ്പിച്ചതിന് ഇവാൻ അവളെ പരിഹസിക്കുന്നു.



തന്റെ പ്രവൃത്തികളുടെ ഉത്തരവാദിത്വം തനിക്കു തന്നെയെന്ന് ദിമിത്രി മനസ്സിലാക്കുന്നു. സൈനിക സഹപ്രവർത്തകരിൽ നിന്ന് പണം കടം വാങ്ങി ദിമിത്രി സ്നെഗിരിയോ വിന് കടം വീട്ടുന്നു . പിതാവ് ഫിയോദറും മകൻ ദിമിത്രിയും തമ്മിൽ ഒരു ഏറ്റുമുട്ടലുണ്ടാകാമെന്നും ദിമിത്രി പിതാവിനെ കൊല്ലുമെന്നും നീചനായ സ്മെർദ്യാക്കോവ് ഇവാന് സൂചന നൽകുന്നുണ്ട് .

ഗ്രുഷെങ്കയെ കാണാതായതായി ദിമിത്രി അറിയുമ്പോൾ, അവൻ ഫിയോദറിന്റെ അടുത്തേക്ക് പോകുന്നു. തർക്കം മൂത്ത് ഫിയോദർ അവനെ ആക്രമിച്ചപ്പോഴും ദിമിത്രിക്ക് പിതാവിനെ തിരിച്ച് ആക്രമിക്കാൻ കഴിയുന്നില്ല . ഇവാൻ മോസ്കോയിലേക്ക് പോയതിനുശേഷം, സ്മെർദ്യാക്കോവ് തന്റെ രഹസ്യ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നു.കത്യയിൽ നിന്ന് മൂവ്വായിരം റൂബിൾ ദിമിത്രി വാങ്ങിയ ദിവസം ഫിയോദർ എങ്ങനെയോ കൊല്ലപ്പെട്ടു. അതറിഞ്ഞപ്പോൾ ദിമിത്രി സ്തബ്ധനായി .

കുറ്റവിചാരണയിൽ, ദിമിത്രി തന്റെ ദുഷ്പ്രവൃത്തിയും കടബാധ്യതയും സമ്മതിക്കുന്നു. പക്ഷേ ഫിയോദറിനെ കൊലപ്പെടുത്തിയതിൽ പങ്കില്ലെന്ന് വെളിപ്പെടുത്തുന്നു .കൊലപാതകം നടന്ന രാത്രിയിൽ ഫിയോദറിൽ നിന്ന് മൂവായിരം റൂബിൾ മോഷ്ടിക്കപ്പെട്ടുവെന്ന് പ്രോസിക്യൂട്ടർ വാദിക്കുമ്പോൾ ദിമിത്രി തന്നിൽ നിന്ന് അതേ തുക വാങ്ങിയിരുന്നുവെന്ന് കത്യ സാക്ഷ്യപ്പെടുത്തുന്നുണ്ട് . ദിമിത്രി കുറ്റക്കാരനാണെന്ന് കണ്ടെത്തുമെന്ന് പ്രതീക്ഷിക്കുന്നതായി ഇവാൻ കത്യയോട് പറയുന്നു. ദിമിത്രിയെ റഷ്യയിൽ നിന്ന് രക്ഷപെടുത്താൻ അയാൾക്ക് പദ്ധതിയുണ്ട്.

വീട്ടിൽ, ഇവാൻ സ്മെർദ്യാക്കോവിനെ നേരിടുന്നു. ദിമിത്രിയെ കൊലപ്പെടുത്തി



മൂവായിരം റൂബിൾ മോഷ്ടിച്ചതായി സ്മെർദ്യാക്കോവ് സമ്മതിക്കുന്നു. അത് ധരിപ്പിക്കാൻ ഇവാൻ പോലീസ് കേന്ദ്രത്തിലേക്ക് പോകുന്നു. അന്ന് വൈകുന്നേരം, അലക്സിയും ഗ്രുഷെങ്ക യും സ്മെർദ്യാക്കോവ് തൂങ്ങിമരിച്ചതായി കണ്ടെത്തുന്നു.

വിചാരണയിൽ, സ്മെർദ്യാക്കോവിന്റെ കുറ്റസമ്മതവും ആരോപണങ്ങളും ഇവാൻ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ദിമിത്രി തന്നിൽ നിന്ന് അകലുമെന്ന് കരുതുന്ന കത്യ, പണം തിരികെ നൽകാമെന്നുള്ള ദിമിത്രിയുടെ സമ്മതപത്രം ഹാജരാക്കുന്നു. പക്ഷേ, പണത്തിന് വേണ്ടി പിതാവി നെ കൊന്നതാണെന്നും ദിമിത്രി കുറ്റക്കാരനാണെന്നും കോടതി കണ്ടെത്തി.

അടുത്ത ദിവസം, തടവുകാരെ ജയിൽ ക്യാമ്പിലേക്ക് കൊണ്ടുപോകുന്ന ട്രെയിൻ കത്യ നിരീക്ഷിക്കുന്നു. പക്ഷെ അതിൽ ദിമിത്രിയെ കാണുന്നില്ല . ഇതിനകം ഇവാനും അലക്സിയും ചേർന്ന് ദിമിത്രിയെയും ഗ്രുഷെങ്കയെയും റഷ്യയിൽ നിന്ന് രക്ഷപ്പെടുത്തി ക്കഴിഞ്ഞിരുന്നു...

തത്വചിന്താപരമായ സാഹിത്യവിഭാഗത്തിൽ പെടുന്നതാണ് ഈ നോവൽ. സിഗ്മണ്ട് ഫ്രോയിഡ്, ആൽബർട്ട് ഐൻസ്റ്റീൻ, ലുഡ്‌വിഗ് വിറ്റ്ജൻസ്റ്റൈൻ എന്നിവർ ഉൾപ്പെടെയുള്ള ചിന്തകന്മാർ ഇതിനെ സാഹിത്യകലയിൽ എക്കാലത്തും ഉണ്ടാ യിട്ടുള്ള ഉദാത്ത സൃഷ്ടികളിൽ ഒന്നായി പുകഴ്ത്തിയിട്ടുണ്ട്.

നോവൽ പ്രസിദ്ധീകരിച്ച് നാല് മാസത്തി നകം നോവലിസ്റ്റ് ഇഹലോകവാസം വെടിഞ്ഞു. ചുരുക്കത്തിൽ ഗ്രന്ഥകർത്താവ് ഉന്നയിയ്ക്കുന്ന ധാർമ്മിക ദാർശനിക സമസ്യകളുടെ സംഗ്രഹമാണ് ഈ നോവൽ .



# ദസ്തവ്സ്കിയുടെ സാഹിത്യലോകം



ഡോ. പി. അജികുമാർ
(ഫിൽക്ക)



വിശ്വപ്രസിദ്ധനായ റഷ്യൻ നോവലിസ്റ്റും പത്ര പ്രവർത്തകനും തത്വചിന്തകനുമായിരുന്നു 'ഫയദോർ ദസ്തവ്സ്കി'. 1821 നവംബർ 11 നു മോസ്കോയിലെ ഒരു മധ്യവർഗ്ഗ കുടുംബത്തിലാണ് അദ്ദേഹം പിറന്നത്. പീഡകളും പ്രതിസന്ധികളും കൊണ്ട്, ജീവിതം പ്രക്ഷുബ്ധമായിരുന്നുവെങ്കിലും തിളക്കമാർന്ന സാഹിത്യ പ്രതിഭയാൽ അദ്ദേഹം അനുഗൃഹീതനായിരുന്നു.

മിഖായേൽ, മരിയ ദമ്പതികളുടെ മകനായി പിറന്ന ദസ്തവ്സ്കിക്ക് ഏഴു സഹോദരങ്ങളുമുണ്ടായിരുന്നു. പിതാവ് ദരിദ്രർക്കു വേണ്ടിയുള്ള മരിയൻസ്കി ആശുപത്രിയിലെ ഡോക്ടറായിരുന്നു. അവിടെ ദരിദ്രരായ രോഗികളെ നിരീക്ഷിച്ചും തോട്ടത്തിൽ കളിച്ചുമാണ് അദ്ദേഹത്തിന്റെബാല്യം കടന്നുപോയത്. 1837 ൽ മാതാവ് മരണപ്പെട്ടതിനെ തുടർന്ന് ദസ്തസ്കിയും സഹോദരൻ മിഖായേലും മോസ്കോ, സെന്റ് പീറ്റേഴ്സ് എന്നിവിടങ്ങളിലെ ബോർഡിംഗ് സ്കൂളുകളിലാക്കപ്പെട്ടു. ദസ്തവ്സ്കി 'നിക്കോളയോവ് സൈനിക ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ച് ബിരുദം നേടി.പിന്നീട് ലെഫ്റ്റനൻന്റ് എൻജിനീയറായി ജോലിനോക്കി. എന്നാൽ അവിടെ തുടരാൻ കഴിയാതെ നിരാശനായി മടങ്ങിയ അദ്ദേഹം സാഹിത്യത്തിലേക്ക് തിരിഞ്ഞു.

നിരോധിക്കപ്പെട്ട പുസ്തകങ്ങളെക്കുറിച്ചുള്ള സാഹിത്യ ചർച്ചയിൽ ചർച്ചാസംഘത്തിൽ പങ്കെടുത്തതിനാൽ സാറിസ്റ്റ് ചക്രവർത്തി ഭരണകൂടം വധശിക്ഷ വിധിച്ചു. അപ്രതീക്ഷിതമായ ശിക്ഷാ ഇളവിലൂടെ നാലു വർഷം സൈബീ രിയയിൽ കഠിനമായ തൊഴിൽ ശിക്ഷ അനുഭവിക്കേി വന്നു. പിന്നീട് പത്രപ്രവർത്തകനായി മാറുകയും മാസികകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

1846 ൽആദ്യ നോവലായ 'പുവർ ഫോക്ക്' പ്രസിദ്ധീകരിക്കപ്പെട്ടു. അത് മികച്ച വിമർശക സ്വീകാര്യത നേടി. ക്രൈം ആൻഡ് പണിഷ്മെന്റ് ( കുറ്റവും ശിക്ഷയും), ദി ഇഡിയറ്റ്, ഡീമൺസ് ( ഭൂതാവിഷ്ടർ), ദി ബ്രദേഴ്സ് കരമസോവ് എന്നീ പ്രസിദ്ധ നോവലുകളും നോട്സ് ഫ്രം ദി അണ്ടർ ഗ്രൗണ്ട്, ദി ഡബിൾ, വൈറ്റ് നൈറ്റ്സ് എന്നീ നീണ്ടകഥകളും അദ്ദേഹത്തിന്റേതായിട്ടുണ്ട്.

ചുഴലി ,അഥവാ ജന്നി രോഗത്തിന്റെ കാഠിന്യവും സാമ്പത്തിക ബുദ്ധിമുട്ടുകളും വ്യക്തിഗത നഷ്ടങ്ങളും ദസ്തവ്സ്കിയുടെ ജീവിതം സംഘർഷഭരിതമാക്കി മാറ്റി. രണ്ട് തവണ വിവാഹിതനായ അദ്ദേഹത്തിന് 'മരിയ ദിമിത്രിയേവ്ന ഇസയേവ' , 'അന്ന ഗ്രിഗറിയേവ്ന സ്നിറ്റ്കിന' എന്നീ ഭാര്യമാരും അന്നയിൽ നാലു മക്കളു മുണ്ടായിരുന്നു.

അന്നയുടെ ഡയറി കുറിപ്പുകൾ അദ്ദേഹത്തിന്റെ ജീവിതചിത്രണമാണ്. അദ്ദേഹത്തെ കുറിച്ചുള്ള വിവരങ്ങൾ സാഹിത്യലോകത്ത് പ്രസിദ്ധമായത്



അന്നയുടെ ഡയറി ദ്വയത്തിലൂടെയാണ്. ഈ ഡയറിയെ ആസ്പദമാക്കി , ഇഡിയറ്റ് രചിക്കുമ്പോഴുള്ള ജീവിത ചിത്രം ' 26 ഡെയ്സ് ഓഫ് ദസ്തവ്സ്കി ' എന്ന പ്രസിദ്ധമായ റഷ്യൻ സിനിമ അനാവരണം ചെയ്യുന്നു. ഈ സിനിമ മുപ്പത് വർഷം മുമ്പ് തിരുവനന്തപുരത്ത് ടാഗോർ തിയേറ്ററിൽ നിറഞ്ഞ സദസ്സിൽ പ്രദർശിപ്പിച്ചിരുന്നു. മലയാള പൈങ്കിളി സാഹിത്യലോകത്തുള്ളവർ പോലും ഈ സിനിമ കാണാനെത്തിയിരുന്നു.

ദസ്തവ്സ്കിയുടെ കൃതികൾ ലോക സാഹി ത്യത്തിലും തത്ത്വചിന്തയിലും അഗാധമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. എക്കാലത്തെയും മഹാനായ നോവലിസ്റ്റായി അദ്ദേഹത്തെ ലോകം പരിഗണിക്കുന്നു. ലോകമെമ്പാടുമുള്ള വായനക്കാരിലൂടെ ആ മഹദ്കൃതികൾ അനുസ്യൂതം പ്രതി ധ്വനിക്കുന്നു.

മനുഷ്യസ്വഭാവത്തെയും ധാർമ്മികത യെയും ആത്മീയതയെയും സംബന്ധിച്ച അദ്ദേഹത്തിന്റെ ആഴത്തിലുള്ള അന്വേഷ ണങ്ങൾ ലോകമെമ്പാടും ആരാധകരെ വാർത്തെടുക്കുക മാത്രമല്ല , അസ്തിത്വ വാദം, റിയലിസം പോലുള്ള സാഹിത്യ പ്രസ്ഥാനങ്ങൾക്ക് വിത്തുപാകുക പോലും ചെയ്തു.

അതിസങ്കീർണ്ണമായ മനുഷ്യസ്വഭാവ മനശ്ശാസ്ത്രം, ധാർമ്മികത, ആത്മീയത എന്നീ ഘടകങ്ങളുടെ പര്യവേഷണങ്ങളും വിശകലനങ്ങളുമാണ് ദസ്തവ്സ്കിയുടെ കൃതികൾ .

## 'കരമസോവ് സഹോദരൻമാർ.'

റഷ്യൻ നോവൽ സാഹിത്യത്തിലെ അമൂല്യ രത്നമാണ് ഈ കൃതി. കരമസോവ് കുടുംബത്തിന്റെ കഥയിലൂടെ സങ്കീർണ്ണ മായ പ്രമേയങ്ങളും തത്ത്വചിന്താപരമായ ആശയങ്ങളും ചർച്ച ചെയ്യുന്നു. ധനികനും ദുർന്നടത്തക്കാരനുമായ 'ഫ്യോദോർ പാവ്‌ലോവിച്ച് കരമസോവി'ന്റെ കൊല പാതകവും മകൻ 'ദിമിത്രി'യുടെ അറസ്റ്റും വിചാരണയുമാണ് ഇതിലെ പ്രധാന സംഭവം. എന്നാൽ ഇതൊരു കസ്റ്റഡിയു ടെയും കുറ്റവിമർശനത്തിന്റെയും മാത്രം കഥയല്ല. 'ഇവാൻ ', 'ദിമിത്രി', 'അലോഷ്യ ' എന്നീ സഹോദരൻമാരുടെ ധാർമ്മികത, വിശ്വാസം, വീണ്ടെടുപ്പ് തുടങ്ങിയവയുടെ സംഘർഷമാണ് കൃതി ലക്ഷ്യമാക്കുന്നത്.

ദൈവത്തിന്റെ അസ്തിത്വം, വിശ്വാസം, സംശയത്തിന്റെ പരിണാമം എന്നിവയുടെ ഏറ്റുമുട്ടൽ ഇവിടെ ദർശിക്കാം. കഥാപാത്ര ങ്ങളുടെ ധാർമ്മികതയുടെ അളവുകോൽ പരീക്ഷിക്കപ്പെടുകയും ശരിയുടെയും തെറ്റുകളുടെയും സങ്കീർണ്ണതകളെ അനാവരണം ചെയ്യുന്നതായും കാണാം. കരമസോവ് കുടുംബത്തിന്റെ നിശ്ചലമായ ബന്ധങ്ങളും സംഘട്ടനങ്ങളും മനുഷ്യ സ്വഭാവത്തെ അപഗ്രഥനം ചെയ്യുന്നതിനുള്ള പശ്ചാത്തലമൊരുക്കുന്നു.

ആഴത്തിൽ തത്ത്വജ്ഞാനം നിറഞ്ഞ ചിന്തോദ്ദീപകമായ കൃതിയാണ് 'കരമസോവ് സഹോദരൻമാർ.' കാലാതിവർത്തിയായ അതിലെ പ്രമേയവും സങ്കീർണ്ണമായ കഥാപാത്രങ്ങളും വായനക്കാരെ പിടിച്ചിരുത്തുന്നു. മനുഷ്യാവസ്ഥയുടെ മനശ്ശാസ്ത്രതലങ്ങൾ ആവിഷ്കരിക്കുന്ന ഇതിൽ ധാമ്മികത, വിശ്വാസം, ആത്മീയത എന്നിവയുടെ ഏറ്റുമുട്ടലും മാനവികതയുടെ വീണ്ടെടുപ്പും കാണാം.


തത്ത്വശാസ്ത്രത്തോട്, പ്രത്യേകിച്ച് ക്രൈസ്തവ ദർശനത്തിലൂന്നിയ തത്ത്വ ശാസ്ത്രത്തോടും അസ്തിത്വവാദത്തോടു മുളള ആഭിമുഖ്യം 'ദസ്തവ് സ്കി'യുടെ കൃതികളിൽ പ്രകടമാണ്. ആധുനിക മനോവിജ്ഞാനീയ നോവൽശാഖയുടെ പിറവിക്ക് അദ്ദേഹത്തിന്റെ കൃതികൾ കാരണമായിട്ടുണ്ട്. ലോകമെമ്പാടും കലാ സാഹിത്യ സാംസ്കാരിക മണ്ഡല ങ്ങളിലെല്ലാം 'ദസ്തവ്സ്കി' വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. മനുഷ്യ മനസ്സിന്റെ സങ്കീർണതകളെയും ആത്മീയതയെയും ആഴത്തിൽ പര്യവേഷണം ചെയ്യുന്ന 'ദസ്തവ്സ്കി'യുടെ കൃതികൾ ഇന്നും ലോകമെമ്പാടും ചർച്ച കൾക്കും പഠനങ്ങൾക്കും വിധേയമാകുന്നു. ആഗോളതലത്തിൽ വായനക്കാരെ ആകർ ഷിക്കുന്നു. എന്തെന്നാൽ അവ നിരന്തരം മനുഷ്യനെക്കുറിച്ചും ധാർമ്മികതയെ ക്കുറിച്ചും ആത്മീയതയെക്കുറിച്ചുമുളള തീവ്രവും ആഴമേറിയതുമായ ഉൾക്കാഴ്ചകൾ നൽകുന്നു. ●



# റിച്ചാർഡ് ബ്രൂക്ക്സ് എന്ന സംവിധായകൻ



ഗിരിജ സുരേന്ദ്രൻ
ഫിൽക്ക



റിച്ചാർഡ് ബ്രൂക്ക്സ് (1912 –1992) എന്ന അമേരിക്കൻ ചലച്ചിത്ര സംവിധായകൻ, സങ്കീർണ്ണമായ സാഹിത്യകൃതികൾ കൈകാര്യം ചെയ്യാനുള്ള കഴിവിൽ പേരുകേട്ടവനായിരുന്നു. തിരക്കഥാകൃത്തും നിർമ്മാതാവുമായിരുന്നു.

അദ്ദേഹം ഫിലാഡൽഫിയയിലാണ് ജനിച്ചത്. ചലച്ചിത്ര-ടെലിവിഷൻ മേഖലകളിൽ എഴുത്തും സംവിധാനവും ആരംഭിക്കുന്നതിന് മുമ്പ് പത്രപ്രവർത്തനത്തിൽ തന്റെ കരിയർ ആരംഭിച്ചുകഴിഞ്ഞിരുന്നു.

തുടക്കം തിരക്കഥാകൃത്ത് എന്ന നിലയിൽ ആരംഭിച്ച അദ്ദേഹം ബ്രൂട്ട് ഫോഴ്സ് (1947), കീ ലാർഗോ (1948) എന്നിവയുൾപ്പെടെ വിവിധ സിനിമകളിൽ പ്രവർത്തിച്ചു. കാരി ഗ്രാന്റ് അഭിനയിച്ച ക്രൈസിസ് (1950) എന്ന നോയർ ചിത്രത്തിലൂടെയാണ് ബ്രൂക്സ് സംവിധായകനായി അരങ്ങേറ്റം കുറിച്ചത്.

ദി ബ്രദേഴ്സ് കരമസോവ് (1958), ക്യാറ്റ് ഓൺ എ ഹോട്ട് ടിൻ റൂഫ് (1958), എൽമർ ഗാൻട്രി (1960), ഇൻ കോൾഡ് ബ്ലഡ് (1967) തുടങ്ങിയ ചിത്രങ്ങൾ അദ്ദേഹം സംവിധാനം ചെയ്തു. ബ്രൂക്സിന്റെ സിനിമകൾ പലപ്പോഴും ധാർമ്മികത, സാമൂഹിക നീതി, മനുഷ്യബന്ധങ്ങൾ തുടങ്ങിയ സങ്കീർണ്ണമായ വിഷയങ്ങൾ കൈകാര്യം ചെയ്തു.

സങ്കീർണ്ണമായ സാഹിത്യകൃതികളെ സ്ക്രീനുമായി പൊരുത്തപ്പെടുത്തുന്നതിൽ ബ്രൂക്സിന്റെ കഴിവ് അറിയപ്പെട്ടിരുന്നു. അദ്ദേഹം പലപ്പോഴും തന്റെ സിനിമകളിൽ റിയലിസ്റ്റിക് ഘടകങ്ങളും ലൊക്കേഷൻ ഷൂട്ടിംഗും ഉൾപ്പെടുത്തിയിട്ട്. എൽമർ ഗാൻട്രി (1960) എന്ന ചിത്രത്തിന് മികച്ച ഒറിജിനൽ തിരക്കഥയ്ക്കുള്ള നോമിനേഷൻ ഉൾപ്പെടെ നിരവധി അക്കാദമി അവാർഡ് നോമിനേഷനുകൾ ബ്രൂക്സിന് ലഭിച്ചു.

ഇന്നും പഠിക്കപ്പെടുകയും വിലമതിക്കപ്പെടുകയും ചെയ്യുന്ന ചിന്തോദ്ദീപകമായ സിനിമകൾ സൃഷ്ടിക്കുക എന്നതാണ് അദ്ദേഹത്തിന്റെ സർഗ്ഗമുദ്ര .



കവിത

# കരമസോവ് സഹോദരന്മാർ

ദിവ്യ. സി. ആർ.

സ്നേഹവിദ്വേഷങ്ങൾ വിളയും
മനുഷ്യമനസ്സിന്റെ നേർച്ചിത്രം
പകരുന്നൊരു മഹാകാവ്യം:
കരമസോവ് സഹോദരന്മാർ.

വിശ്വസാഹിത്യമെഴുതും
ദസ്തയ്സ്കി തൻ
യുക്തിഭദ്രമായൊരു ചിന്ത:
എത്ര ദുർബലമാണീ ജീവിതം!

കോമളവും പ്രകാശമാനവുമായ
നക്ഷത്രങ്ങൾ നിറഞ്ഞൊരാകാശ കമാനം
വിസ്തൃതമായി, അനവഗാഹ്യമായി
നീണ്ടുകിടക്കുന്നു; ക്ഷീരവീഥി
രണ്ടു വിളറിയ അരുവികളായി..

വൈരുദ്ധ്യാത്മക ജീവിതകഥ:
കരമസോവ് കുടുംബ കഥ!

ഇവാൻ; വേരുകൾ നഷ്ടപ്പെട്ട അവിശ്വാസി,
ഈശ്വര നിന്ദകനും അരാജകവാദിയും.
വിശുദ്ധനാം അലോഷ്യ,
വൈരുദ്ധ്യങ്ങളുടെ ഇരിപ്പിടമാം
ദിമിത്രി, നീചനാം സ്മർജ്യാക്കവ്
പരസ്ത്രീ തത്പരൻ,
രതിയുടെ മേച്ചിൽ പുറങ്ങളിലുന്മത്തനാം
പിതാവ് - പാവ് ലോവിച്ച്.
സംഭവകഥയുടെ മൂർത്തിമദ്
ഭാവങ്ങളെഴുതുന്നു ദസ്തയ്സ്കി.

ജീവിതാസക്തിയിൽ മതിമറന്ന
പിതാവിനെ വധിക്കുന്ന മകനും
കുറ്റബോധവും പീഡാനുഭവങ്ങളും
പങ്കിട്ടെടുക്കുന്ന സോസിമയും ദിമിത്രിയും.

യാതനാനുഭവത്താൽ ശുദ്ധീകരിക്കുന്ന
നിരപരാധിത്വമുറക്കെ പറഞ്ഞിട്ടും
ക്രൂശിലേറ്റപ്പെട്ട മനുഷ്യക്കോലങ്ങൾ!

ഒടുവിലൊരു കർമ്മകാണ്ഡത്തിനപ്പുറം;
സത്യം മറ നീക്കിയുണരുമ്പോൾ
നഷ്ടപ്പെടലുകളുടെ പാപഭാരങ്ങളില്ലാതെ
മഹാപാപികളുടെ മാനസ്സാന്തരം
പുതുലോകസത്യമായുണരുന്നു..!


www.ksfe.com
കെ എസ് എഫ് ഇ
ഗോൾഡ് ലോൺ
ഇനി ആവശ്യങ്ങൾക്ക്
അവധികൊടുക്കേണ്ടതില്ല...
കുറഞ്ഞ പലിശ | കൂടുതൽ തുക | എത്രയും പെട്ടെന്ന്
KSFE
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com

# ഡോൺ ക്വിക്സോട്ട്: ലോകസാഹിത്യത്തിലെ പ്രഥമ നോവൽ



**വിനോദ്കുമാർ. പി**
(ഫിൽക്ക)



മിഗുവൽ ഡി സെർവാന്റസിന്റെ വിഖ്യാത ക്ലാസിക് നോവലായ ഡോൺ ക്വിക്സോട്ട് ( ഡോൺ ക്വിക് സോട്ട് ) അതേ പേരിൽ തന്നെ സംവിധായകൻ ഗ്രിഗോറി കോസിന്റ്സെവ് സിനിമയാക്കുകയും 1957 ൽ റിലീസ് ചെയ്യുകയും ചെയ്തു.

ധീരവും സാഹസികവുമായ പ്രവർത്തികളിലും പ്രണയത്തിലും അഭിനിവേശമുള്ള അലോൺസോ ക്വിക്സാനോയുടെ ധാർമ്മിക സാഹസികതയാണ് ഈ ചിത്രത്തിന്റെ ഇതിവൃത്തം.അലോൺസോ, താൻ ഒരു നൈറ്റ്-എറന്റ് (രക്ഷകയോദ്ധാവ് ) ആണെന്ന് കരുതുകയും ഡോൺ ക്വിക് സോട്ട് എന്ന പേര് സ്വീകരിക്കുകയും ചെയ്യുന്നു.

പലപ്പോഴും മിഥ്യാധാരണകളിൽ കുടുങ്ങിപ്പോകുന്ന ഡോൺ ക്വിക്സോട്ടിനെ ആരാധിക്കുന്ന പാവത്താൻ സാഞ്ചോ പാൻസ, വീണ്ടും ലക്ഷ്യത്തിലേക്ക്, യാഥാർത്ഥ്യത്തിലേക്ക്, ഡോൺ ക്വിക് സോട്ട് ആഗ്രഹിക്കുന്ന ദൗത്യത്തിലേക്ക് കൊണ്ടുവരാൻ നിഷ്കളങ്കമായി ശ്രമിക്കുന്നു. കാരണം തന്റെ ജൈത്ര യാത്ര യിൽ രാജ്യങ്ങൾ പിടിച്ചെടുക്കുമ്പോൾ അവനെ ഒരു ഗവർണർ ആക്കാമെന്നാണ് ഡോൺ ക്വിക്സോട്ട് മോഹിപ്പിച്ചിരിക്കുന്നത്.

ഡോൺ ക്വിക്സോട്ടിന്റെ ഭാവനാ പ്രണയത്തിലെ നായികയായ ഡൽസിനിയ, അയാളുടെ ധീരമായ അഭിലാഷങ്ങളുടെ പ്രതീകമായി വർത്തിക്കുന്നു. അയാൾ അവളെ സേവിക്കുകയാണെന്ന് വിശ്വസിക്കുന്നു. തന്റെ തെറ്റുകൾ തിരുത്താനും അവളുടെ ബഹുമാനം സൂക്ഷിക്കാനും ശ്രമിക്കുന്നു.

സാഹസികയാത്രയ്ക്കിടെ ഡോൺ ക്വിക് സോട്ട് തന്റെ മിഥ്യാധാരണ കാരണം കാറ്റാടി യന്ത്രങ്ങളെ ശത്രുഭീമൻമാരായി കണ്ട് പൊരുതുന്നു. ഒരു കൂട്ടം സഞ്ചാര വ്യാപാരികളെ കൊള്ളക്കാരുടെ സംഘമായി കാണുന്നു. ഒരു ക്ഷുരകനെയും വസ്ത്രപ്രദർശനത്തെയും മറ്റൊന്നായി വിഭാവനം ചെയ്യുന്നു. ഡ്യൂക്കിനെയും ഡച്ചസിനെയും തെറ്റിദ്ധരിക്കുകയും ചെയ്യുന്നു.

യാഥാർത്ഥ്യത്തിനും ഭാവനയ്ക്കും ഇടയിലുള്ള പിരിമുറുക്കം ഈ ചിത്രം പര്യവേക്ഷണം ചെയ്യുന്നു. ഒപ്പം അമിതമായ ആദർശനവാദത്തിന്റെ അപകട സാധ്യതകളെയും യാഥാർത്ഥ്യത്തിൽ സ്വയം നിലയുറപ്പിക്കുന്നതിന്റെ പ്രാധാന്യത്തെയും ഈ ചിത്രം ഫോക്കസ് ചെയ്യുന്നു.

ഡോൺ ക്വിക്സോട്ടിന്റെ കാറ്റാടിയന്ത്ര ങ്ങളോടുള്ള പോരാട്ടം വ്യർത്ഥമായ പരിശ്രമത്തിന്റെ പ്രതീകമായി മാറുന്നു. രാജ്യത്ത് നടമാടുന്ന തിന്മകളോടും അധർമ്മങ്ങളോടുമാണ് ഡോൺ ക്വിക് സോട്ട് യുദ്ധം ചെയ്യുന്നത്. ആ ധീര സാഹസിക സ്വപ്നയാത്രയിൽ കൂടെയു ള്ളത് ഒരു പാവത്താൻ സാഞ്ചോ പാൻസ യും ചാവാലിക്കുതിരയും. 500 വർഷം മുൻപുള്ള സ്പെയിനിന്റെ സാമൂഹിക ഭൂപടം ആണെങ്കിലും അത് സാർവ്വ ലൗകിക യാഥാർത്ഥ്യമാണ്. പരാജയ ങ്ങളും പരിഹാസങ്ങളും ഏറ്റുവാങ്ങു മ്പോഴും തന്റെ ആദർശവും ലക്ഷ്യവും കൈവരിക്കാനുള്ള ദുർഘട യാത്ര തുടരുകയാണ് അയാൾ - ഉള്ളിൽ ഒരു പ്രണയജ്വാലയുമായി. ഇഷ്ടസുന്ദരിക്ക് മുൻപിൽ താൻ മറ്റൊരു മഹാനായ അലക്സാണ്ടർ പോലെയാണെന്ന് ധരിപ്പിക്കാനും .

1957 ലെ കാൻ ഫിലിം ഫെസ്റ്റിവലിൽ ഈ ചിത്രം പ്രദർശിപ്പിക്കുകയുണ്ടായി. കൂടാതെ 1960 ൽ ഓസ്ട്രേലിയൻ യൂണിവേഴ്സിറ്റി ഫിലിം ക്ലബുകളും ഈ ചിത്രം പ്രദർശിപ്പിച്ചു. വൈഡ് സ്ക്രീനിലും നിറത്തിലും ചിത്രീ കരിച്ച ഡോൺ ക്വിക്സോട്ടിന്റെ ആദ്യ ചലച്ചിത്ര പതിപ്പായിരുന്നു ഇത്.

ഡോൺ ക്വിക്സോട്ട് പാശ്ചാത്യ സാഹിത്യത്തിൽ അഗാധമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.നോവലിന്റെ പ്രമേയ വും കഥാപാത്രങ്ങളും ജനപ്രിയ സംസ്കാരത്തിന്റെ ഭാഗമായി മാറി.400 വർഷങ്ങൾക്ക് മുമ്പ് എഴുതിയതാണെങ്കിലും, ഡോൺ ക്വിക്സോട്ട് ഒരു കാലാതീതമായ ക്ലാസിക് ആയി ഇന്നും വായനക്കാരിൽ പ്രതിധ്വനിക്കുന്നു.

തിരുവനന്തപുരത്തുള്ള കാർമൽ ഇന്റർ നാഷണൽ പബ്ലിഷിംഗ് ഹൗസ് ഡോൺ ക്വിക്സോട്ട് എന്ന നോവൽ സ്പാനിഷിൽ നിന്ന് നേരിട്ട് വിവർത്തനം ചെയ്തു പൂർണ്ണ രൂപത്തിൽ 1198 പേജിൽ പ്രസിദ്ധീകരിച്ചി ട്ടുണ്ട് .



# മിഗ്വെൽ ഡി സെർവാന്റസ്



സഞ്ജു കളപ്പുരയ്ക്കൽ
( ഫിൽക്ക)



സ്പെയിനിന്റെ പതിനഞ്ചാം നൂറ്റാണ്ടിലെ സാംസ്കാരിക വിപ്ലവത്തിന്റെ നായകനായിരുന്നു സെർവാന്റസ് .

അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ പുസ്തകം ഡോൺ ക്വിക്സോട്ട് ഡെ ലാ മാഞ്ചാ ആണ്.പാശ്ചാത്യ സാഹിത്യത്തിലെ സ്പാനിഷ് ക്ലാസിക്കുകളിൽ ആദ്യത്തേതായും എഴുതപ്പെട്ടതിൽ ഏറ്റവും ഉദാത്തമായ സാങ്കൽപ്പിക കഥകളിൽ ഒന്നായും ഇത് കരുതപ്പെടുന്നു. അറുപത്തഞ്ചിലേറെ ഭാഷകളിലേക്ക് ഈ പുസ്തകം വിവർത്തനം ചെയ്തിട്ടു. ഇന്നും ഈ പുസ്തകത്തിന്റെ പ്രതികൾ പതിവായി അച്ചടിക്കുന്നു.

മാനറിസം - ബറോക്ക് ശൈലി പ്രകടമാവുന്ന നവോത്ഥാന സാഹിത്യ പ്രസ്ഥാനത്തിൽ ആദ്യകാല ആധുനിക സ്പാനിഷ് ഭാഷയിലാണ് സെർവാന്റസ് രചനകൾ നിർവഹിച്ചത്. ഡോൺ ക്വിക്സോട്ട്, എൻട്രിമെസ്, നോവെലസ് എക്സംപ്ലേഴ്സ് തുടങ്ങിയവയാണ് ശ്രദ്ധേയമായ കൃതികൾ .

സ്പെയിനിലെ അൽകാല ഡി ഹെനാരെസിൽ 1547 സെപ്റ്റംബർ 29ന് സെർവാന്റസ് ജനിച്ചു. മരണം :1616 ഏപ്രിൽ 22, മാഡ്രിഡ് . അന്ത്യവിശ്രമ സ്ഥലം: മാഡ്രിഡിലെ ബെയർഫൂട്ട് ട്രിനിറ്റേറിയൻമാരുടെ കോൺവെന്റിൽ.

പതിനെട്ടാം നൂറ്റാണ്ടുവരെ ഈ പുസ്തകത്തെക്കുറിച്ചുള്ള നിരൂപക സംവാദങ്ങൾ നടന്നിരുന്നു. രസികൻമാരുടെ രാജകുമാരൻ എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഭൂരിഭാഗവും ദാരിദ്ര്യത്തിലും അവ്യക്തതയിലുമാണ് ചെലവഴിച്ചത്. തന്മൂലം അദ്ദേഹത്തിന്റെ ആദ്യകാല കൃതികളിൽ പലതും നഷ്ടപ്പെടാൻ കാരണമായി. ഇതൊക്കെയാണെങ്കിലും, സ്പാനിഷ് പലപ്പോഴും സെർവാന്റസിന്റെ ഭാഷ എന്ന് പരാമർശിക്കപ്പെടുന്നു എന്ന വസ്തുതയിൽ അദ്ദേഹത്തിന്റെ സ്വാധീനവും സാഹിത്യ സംഭാവനയും പ്രതിഫലിക്കുന്നു.

1569- ൽ സെർവാന്റസ് സ്പെയിൻ വിട്ട് റോമിലേക്ക് താമസം മാറാൻ നിർബന്ധിതനായി. അവിടെ അദ്ദേഹം ഒരു കർദ്ദിനാളിന്റെ വീട്ടിൽ ജോലി ചെയ്തു. 1570- ൽ, അദ്ദേഹം ഒരു സ്പാനിഷ് നാവികസേനയുടെ കാലാൾപ്പട റെജിമെന്റിൽ ചേർന്നു.



അഞ്ച് വർഷത്തെ തടവിന് ശേഷം, അദ്ദേഹത്തെ മോചനദ്രവ്യം നൽകി മാഡ്രിഡിലേക്ക് തിരികെ കൊണ്ടുവന്നു. ലാ ഗലാറ്റിയ എന്ന പേരിൽ അദ്ദേഹത്തിന്റെ ആദ്യത്തെ പ്രധാന നോവൽ 1585- ൽ പ്രസിദ്ധീകരിച്ചു, അദ്ദേഹം ഒരു പർച്ചേസിംഗ് ഏജന്റായും പിന്നീട് സർക്കാർ നികുതി പിരിവുകാരനായും ജോലി തുടർന്നു.

ഡോൺ കിക്സോട്ടിന്റെ ആദ്യ ഭാഗം 1605-ലും രണ്ടാം ഭാഗം 1615- ലും പ്രസിദ്ധീകരിച്ചു. അടിമത്തത്തിലെ അനുഭവങ്ങളെ അടിസ്ഥാനമാക്കി, എൽ ട്രാറ്റോ ഡി ആർഗൽ പോലുള്ള 20- ലധികം നാടകങ്ങൾ സെർവാന്റസ് എഴുതിയതായി പറയപ്പെടുന്നു .

അക്കാലത്തെ ഏറ്റവും അറിയപ്പെടുന്ന നാടക കൃത്തായ ലോപ് ഡി വേഗയെ പോലെ സെർവാന്റസിസിനും രചനയുടെ വരുമാനം കൊണ്ട് ജീവിക്കാൻ കഴിഞ്ഞില്ല. 1585- ൽ, അദ്ദേഹം ലാ ഗലാറ്റിയ പ്രസിദ്ധീകരിച്ചു. ഇത് ഒരു പരമ്പരാഗത നാടോടി ആട്ടിടയ പ്രണയകഥയാണ്. അത് സമകാലിക ശ്രദ്ധ നേടിയില്ല. ഒരു തുടർഭാഗം എഴുതുമെന്ന് വാഗ്ദാനം ചെയ്തിട്ടും അദ്ദേഹം ഒരിക്കലും അങ്ങനെ ചെയ്തില്ല.

ഡോൺ കിക്സോട്ടിൽ, വ്യർത്ഥവും ശൂന്യവുമായ ധീരമായ പ്രണയങ്ങളെ ദുർബലപ്പെടുത്തുക എന്നതാണ് തന്റെ ലക്ഷ്യമെന്ന് സെർവാന്റസ് വ്യക്തമായി പ്രസ്താവിച്ചു. യഥാർത്ഥ ജീവിതത്തിലും സാഹിത്യ പശ്ചാത്തലത്തിൽ ദൈനംദിന സംസാരത്തിലും അദ്ദേഹത്തിന്റെ ചിത്രീകരണം നൂതനമായി കണക്കാക്കപ്പെട്ടു.

1605 ജനുവരിയിൽ ആദ്യമായി പ്രസിദ്ധീകരിച്ച ഡോൺ കിക്സോട്ടും സാഞ്ചോ പാൻസയും ഏപ്രിൽ 8 ന് ഫിലിപ്പ് നാലാമന്റെ ജനനം ആഘോഷിക്കുന്നതിനായി നടന്ന മുഖമൂടി നൃത്തവേളയിൽ ഇടം നേടി.

ഡോൺ കിക്സോട്ടിന്റെ രണ്ട് ഭാഗങ്ങളും വ്യത്യസ്തമാണ് . ഗദ്യത്തിലെ വ്യക്തതയിലും യാഥാർത്ഥ്യബോധത്തിലും അവ സമാനമാണ്. ആദ്യത്തേത് കൂടുതൽ ഹാസ്യാത്മകവും കൂടുതൽ ജനപ്രിയവുമായിരുന്നു. രണ്ടാം ഭാഗം പലപ്പോഴും കൂടുതൽ സങ്കീർണ്ണവുമാണ് . സ്വഭാവരൂപീകരണത്തിന്റെയും ദാർശനിക ഉൾക്കാഴ്ചയുടെയും ആഴം കൂടുതലാണ്. സെർവാന്റസിന് സവിശേഷമായ ഒരു രചനാരീതി ഉണ്ടായിരുന്നു. പലപ്പോഴും ഹാസ്യ പ്രമേയങ്ങളുടെ ഘടകങ്ങൾ

ഇതിനുപുറമെ, 1613- നും 1616- ലെ അദ്ദേഹത്തിന്റെ മരണത്തിനിടയിൽ അദ്ദേഹം നിരവധി കൃതികൾ രചിച്ചു. അവയിൽ എക്സംപ്ലറി നോവലുകൾ എന്ന പേരിൽ ഒരു കഥാ സമാഹാരവും ഉൾപ്പെടുന്നു .തുടർന്ന് വിയാജെ ഡെൽ പർണാസോ , എട്ട് കോമഡികളും എട്ട് ന്യൂ ഇന്റർലൂഡുകളും , ലോസ് ട്രാബജോസ് ഡി പെർസൈൽസ് വൈ സിഗിസ്മുന്റ് എന്നിവ അദ്ദേഹത്തിന്റെ മരണത്തിന് തൊട്ടുമുമ്പ് പൂർത്തിയാക്കി 1617 ജനുവരിയിൽ മരണാ നന്തരം പ്രസിദ്ധീകരിച്ചു.

1616- ൽ മരിക്കുന്നതിന് രണ്ട് വർഷം മുമ്പ് പ്രസിദ്ധീകരിച്ച ജേർണി ടു പർണാസസ് എന്ന പുസ്തകത്തിൽ, സെർവാന്റസ് വലതുകൈയുടെ മഹത്വത്തിനായി ഇടതുകൈയുടെ ചലനശേഷി നഷ്ടപ്പെട്ടു എന്ന് അവകാശപ്പെട്ടു.പരിഹാസത്തിന്റെ ഒരു വ്യായാമമായും, ധീരകഥകളിലൂടെ ഒരു ആക്ഷേപഹാസ്യ അവതരണമായും തികച്ചും വ്യത്യസ്തമായ ഒരു മാനം കൈവരിച്ചു. സൗഹൃദം, വിശ്വസ്തത, സ്നേഹം എന്നിവയാൽ ലോകത്തെക്കുറിച്ചുള്ള പൊരുത്തമില്ലാത്ത കാഴ്ചപ്പാടുകൾ .രണ്ട് കഥാപാത്രങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ കഥയായി അത് സ്വയം രൂപാന്തരപ്പെടുന്നു.

ഹോമർ,ഡാന്റേ, ഡിഫോ,ഡിക്കൻസ്, ബൽസാക്ക്, ജോയ്സ് എന്നിവരടങ്ങുന്ന ഒരു ആഖ്യാന പാരമ്പര്യത്തിന്റെ ഭാഗമാണ് സെർവാന്റസും. 1965- ലെ സംഗീത നാടകമായ മാൻ ഓഫ് ലാ മഞ്ച, സെർവാന്റസിന്റെ ജീവിതത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. സ്പാനിഷ് ഭാഷയിലെ ചരിത്രപരവും സാഹിത്യപരവുമായ കൃതികളുടെ ലോകത്തിലെ ഏറ്റവും വലിയ ഡിജിറ്റൽ ആർക്കൈവാണ് മിഗുവൽ ഡി സെർവാന്റസ് വെർച്വൽ ലൈബ്രറി .

സെർവാന്റസ് സൊസൈറ്റി ഓഫ് അമേരിക്ക 1978-ൽ സ്ഥാപിതമായി. 1979 ഡിസംബറിൽ സാൻ ഫ്രാൻസിസ്കോയിൽ അതിന്റെ ആദ്യ അംഗത്വ യോഗം ചേർന്നു. സെർവാന്റസിന്റെ കൃതികളെയും നമ്മുടെ സമൂഹത്തിലുള്ള അദ്ദേഹത്തിന്റെ സ്വാധീനത്തെയും കുറിച്ചുള്ള കൂടുതൽ പഠനങ്ങളാണ് ഈ സംഘടന ലക്ഷ്യമിടുന്നത്.

തിരുവനന്തപുരം കാർമ്മൽ ഇന്റർനാഷണൽ പബ്ലിഷിംഗ് ഹൗസ് ഈ കൃതി സ്പാനിഷ് ഭാഷയിൽ നിന്ന് നേരിട്ട് വിവർത്തനം ചെയ്ത് 1198 പേജുള്ള പുസ്തകമായി 2005 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.




July Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World Cinema Part-II FilmFestival



# ഗ്രിഗറി കൊസിന്റ്സേവ് എന്ന റഷ്യൻ സംവിധായകൻ



**പി.എസ്.ജ്യോതിഷ് കുമാർ**
(ഫിൽക്ക)



ഒരു സോവിയറ്റ് നാടക-ചലച്ചിത്ര സംവിധായകനും തിരക്കഥാകൃത്തും അധ്യാപകനുമായിരുന്നു 1905 മെയ് 11-ന് ജനിച്ച ഗ്രിഗറി മിഖൈലോവിച്ച് കോസിന്റ്സെവ്.

ഡോക്ടറും തെറാപ്പിസ്റ്റും ശിശുരോഗ വിദഗ്ദ്ധനുമായ മൊയ്സി ഇസകോവിച്ച് കൊസിന്റ്സോവിന്റെയും അന്ന ഗ്രിഗോറി യേവ്ന ലൂറിയുടെയും മകനായി ഒരു ജൂത കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. പിതാവ് മൊയ്സി ഇസകോവിച്ച് കൊസിന്റ്സോവ് മദ്യപാന ചികിത്സ, ക്ലിനിക് സിഫിലിറ്റിക് ആർത്രോപതി, ക്ലിനിക്കൽ മെഡിസിനിലെ മറ്റ് പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് എഴുതിയ നിരവധി മെഡിക്കൽ കൃതികൾ റഷ്യൻ, ജർമ്മൻ ആരോഗ്യ ജേണലുകളിൽ പ്രസിദ്ധീകരി ച്ചിട്ടുണ്ട്.

കൊസിന്റ്സെവ് തന്റെ ബാല്യകാലം ചെർണിഗോവ് ഗവർണറേറ്റിലെ നോവോ സിബ്കോവിലാണ് ചെലവഴിച്ചത്. സ്കൂളിലെ മറ്റ് വിദ്യാർത്ഥികളോടൊപ്പം അദ്ദേഹം കീവ് തെരുവുകളുടെ ആഘോഷപരമായ ഒരു അവന്റ്-ഗാർഡ് രൂപകൽപ്പനയിൽ പങ്കെടുത്തു.

നാടകകൃത്ത് ലോപ് ഡി വേഗയുടെ പ്രശസ്തമായ കോട്ട് മർജാനിഷിലി ഫ്യൂ ഒവെജുനയുടെ ചുവർ ചിത്ര അലങ്കാരങ്ങളിൽ പങ്കെടുത്ത് പ്രവർത്തിക്കാൻ തുടങ്ങിയ അദ്ദേഹത്തിനെ തീയറ്റർ മറ്റെന്തിനെക്കാളും ഏറെ ആകർ ഷിച്ചു. 14 വയസ്സു മുതൽ അദ്ദേഹം സോളോ വ്സോവ് തിയേറ്ററിൽ ജോലി ചെയ്തു. മാർഡ്ഷാനോവിനും സുഹൃത്തുക്കളായ സെർജി യുട്കെവിച്ച്, മൈക്കൽ വാ സിൻസ്കി, അലക്സി കപ്ലർ എന്നിവരുമായി ചേർന്ന് അദ്ദേഹം ഒരു പാവ നാടകവേദി സൃഷ്ടിച്ചു.

തുടർന്ന് പരീക്ഷണാത്മക നാടകവേദിയായ ഹാർലെക്വിൻ സൃഷ്ടിച്ചു, അതിൽ അദ്ദേഹം സ്വയം എഴുതിയ ഒരു നാടകം അരങ്ങിലെത്തി. ഒടുവിൽ കിംഗ് മാക്സിമിലി യൻ എന്ന നാടോടി നാടകത്തെ അടിസ്ഥാന മാക്കി ഒരു തെരുവ് പ്രകടനം നടത്തി.

1920-ന്റെ തുടക്കത്തിൽ അദ്ദേഹം പെട്രോഗ്രാഡിലേക്ക് പോയി ഫ്രീ ആർട്ട് വർക്ക്ഷോപ്പുകളിൽ നഥാൻ ആൾട്ട്മാന്റെ ക്ലാസ്സിൽ ചേർന്നു, അതേ സമയം കോട്ട് മർജാനിഷ്വിലിയുടെ നേതൃത്വത്തിൽ സ്റ്റുഡിയോ തിയേറ്റർ കോമിക് ഓപ്പറ സംവിധാനം ചെയ്തു.

അത് സ്വന്തം തിരക്കഥയെ അടിസ്ഥാന മാക്കിയുള്ള അവരുടെ നാടകാനു ഭവങ്ങളുടെ തുടർച്ചയായിരുന്നു. 1926-ൽ അഡ്രിയാൻ പിയോട്രോവ്സ്കി തിരക്കഥ യെഴുതിയ ദി ഡെവിൾസ് വീൽ എന്ന റൊമാന്റിക് മെലോഡ്രാമയാണ് കോസിന്റ്സെവും ട്രൗബർഗും ചേർന്ന് നിർമ്മിച്ച ആദ്യ ഫീച്ചർ ഫിലിം.



1921 ഡിസംബറിൽ, കോസിന്റ്സെവ് മാനി ഫെസ്റ്റോ ഓഫ് എക്സെൻട്രിക് തിയേറ്ററി ലേക്ക് സാൽവേഷൻ ഇൻ ദി ട്രൗ സർസ് എന്ന വിഭാഗം സംഭാവന ചെയ്തു. 1922-ൽ, കോസിന്റ്സെവും ട്രൗബർഗും ഒരു അവാന്റ്-ഗാർഡ് തിയേറ്റർ വർക്ക് ഷോപ്പ് ഫാക്ടറി ഓഫ് ദി എക്സെൻട്രിക് ആക്ടർ സംഘടിപ്പിച്ചു, അതേ വർഷം തന്നെ നിക്കോളായ് ഗോഗോളിന്റെ മാര്യേജ് എന്ന നാടകത്തിന്റെ ഒരു വിചിത്ര മായ പുനർനിർമ്മാണവും നടത്തി.1924-ൽ അദ്ദേഹം സെവ്സാപ്കിനോ എന്ന ഫിലിം സ്റ്റുഡിയോയിൽ ജോലി ചെയ്യാൻ തുടങ്ങി.

തുടക്കത്തിൽ ട്രൗബർഗിനൊപ്പം ഹ്രസ്വ ചിത്രങ്ങൾ സംവിധാനം ചെയ്തു.
ദി അഡ്വഞ്ചേഴ്സ് ഓഫ് ഒക്ടോബ്രിന (1924) ആയിരുന്നു അവരുടെ ആദ്യ ഹ്രസ്വചിത്രം.

നിക്കോളായ് ഗോഗോളിന്റെ സെന്റ് പീറ്റേഴ്സ്ബർഗ് കഥകൾ എന്ന കൃതി യുടെ ചലച്ചിത്രാവിഷ്കാരമായ ദി ഓവർകോട്ട് (1926) സോവിയറ്റ് നിശബ്ദ സിനിമയുടെ മാസ്റ്റർപീസുകളിൽ ഒന്നായി മാറി. 1927-ൽ സ്വന്തം തിരക്കഥയെ അടിസ്ഥാനമാക്കി ഒരു സമകാലിക കോമഡി ചിത്രമായ ലിറ്റിൽ ബ്രദർ (1927) പുറത്തിറക്കി. തുടർന്ന് ഡെസെംബ്രിസ്റ്റ് കലാപത്തിന്റെ പശ്ചാത്തലത്തിൽ യൂറി ടിന്യാനോവും ജി. ഓക്സ്മാനും തിരക്കഥ യെഴുതിയ ദി ക്ലബ് ഓഫ് ദി ബിഗ് ഡീഡ് (1927) എന്ന ചരിത്ര മെലോഡ്രാമ പുറത്തിറക്കി. ലിയോണിഡ് ട്രോബർഗി നൊപ്പം കോസിന്റ്സെവ് പന്ത്രണ്ട് ചിത്ര ങ്ങൾ നിർമ്മിച്ചു. റഷ്യൻ വിപ്ലവ നായകൻ മാക്സിമിനെക്കുറിച്ചുള്ള അവരുടെ



ചലച്ചിത്ര-ത്രയശാസ്ത്രം 1935 മുതൽ 1941 വരെ നിർമ്മിച്ചതാണ്, ജോസഫ് സ്റ്റാലിന്റെ ഏറ്റവും ക്രൂരമായ സ്വേച്ഛാധിപത്യത്തിൻ കീഴിൽ സോവിയറ്റ് റഷ്യയിലെ ജനങ്ങൾ ഭയന്നു പോയ കാലമായിരുന്നു അത്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം കോസിന്റ്സെവും ട്രൗബർഗും ഒരുമിച്ച് നിർമ്മിച്ച അവസാന ചിത്രം പ്രോസ്റ്റി ല്യൂഡി (പ്ലെയിൻ പീപ്പിൾ 1946) ആയിരുന്നു. ഇത് സെൻസർ ചെയ്യപ്പെടുകയും സ്റ്റാലിന്റെ സെൻസർഷിപ്പ് ഏർപ്പെടുത്തിയ വിലക്ക് 1958-ൽ നികിത ക്രൂഷ്ചേവ് നീക്കുന്നതുവരെ റിലീസ് ചെയ്യപ്പെടാതെ കിടക്കുകയും ചെയ്തു. സ്റ്റാലിന്റെ മരണശേഷം ഗ്രിഗറി കൊസിന്റ്സെവ്ന്റെ ഏറ്റവും മികച്ച കൃതികളിലേക്ക് ഉയർന്നു.

1957 -ലെ ഡോൺ ക്വിക്സോട്ട, 1969-ലെ കിംഗ് ലിയർ, 1963-ലെ ഹാംലെറ്റ് എന്നിവ ലോകമെമ്പാടും അദ്ദേഹത്തിന്റെ ഏറ്റവും ഉയർന്ന നേട്ടങ്ങളായി അംഗീകരിക്കപ്പെട്ടു. 1969 -ലെ കൊറോൾ ലിർ- ൽ ബാൾട്ടിക് സംസ്ഥാനങ്ങളിൽ നിന്നുള്ള അഭിനേതാക്കളെ ലിയറിന്റെ കുടുംബമായി അവതരിപ്പിക്കാൻ കൊസിന്റ്സെവ് ഒരു മികച്ച തീരുമാനം എടുത്തു.

1941-ൽ കിംഗ് ലിയർ അരങ്ങിലെത്തി, പക്ഷേ സോവിയറ്റ് യൂണിയനിലെ നാസി അധിനിവേശം കാരണം കൂടുതൽ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടു. 1954-ൽ ഹാംലെറ്റ് അരങ്ങിലെത്തി. അതേസമയം, തന്റെ ഇതിഹാസ സിനിമയിൽ എല്ലാം ഒത്തുചേരുന്നതുവരെ കോസിന്റ്സെവ് ഹാംലെറ്റ് (1964) എന്ന നാടകം ചിത്രീകരിക്കുക എന്ന ആശയം വികസിപ്പിച്ചുകൊണ്ടിരുന്നു. ബോറിസ് പാസ്റ്റെർനാക്കിന്റെ ചലച്ചിത്രാവിഷ്കാരം, ദിമിത്രി ഷോസ്തകോവിച്ചിൻറെ സംഗീതം, കോസിന്റ്സെവിന്റെ സംവിധാനം, ഇന്നൊകെന്റി സ്മോക്റ്റുനോവ്സ്കിയുടെ അഭിനയ പ്രതിഭ എന്നിവ ഹാംലെറ്റ്-നെ ഒരു മികച്ച ചലച്ചിത്രമാക്കി.

കോസിന്റ്സെവ് സ്വന്തമായി സംവിധാനം ചെയ്ത ആദ്യ ഫീച്ചർ ചിത്രമായിരുന്നു

പിറോഗോവ് ഇൻ 1947. കിംഗ് ലിയർ (1941), ഒഥല്ലോ (1943), ഹാംലെറ്റ് (1954) എന്നീ നാടകങ്ങൾ അവതരിപ്പിച്ചുകൊണ്ട് കോസിന്റ്സെവ് കുറച്ചുകാലം നാടക രംഗത്തും പ്രവർത്തിച്ചു.

അദ്ദേഹത്തിന്റെ 1957-ലെ ചിത്രം ഡോൺ കിക്സോട്ട് ഒരു ക്ലാസിക് ചലച്ചിത്രാ വിഷ്കാരവും ആദ്യത്തെ വർണ്ണ ചലച്ചിത്ര പതിപ്പുമായി മാറി. 1962-ൽ കൊസിന്റ്സെവ് പ്രസിദ്ധീകരിച്ച നമ്മുടെ സമകാലിക വില്യം ഷേക്സ്പിയർ എന്ന പുസ്തകം അദ്ദേഹത്തിന്റെ രണ്ട് മികച്ച ഷേക്സ്പിയർ ചലച്ചിത്രാവിഷ്കാരങ്ങൾക്ക് സൈദ്ധാന്തിക തയ്യാറെടുപ്പായി മാറി. 1964-ലെ ലെനിൻ പ്രൈസ്, 1965-ലെ വെനീസിലെ അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ പ്രത്യേക സമ്മാനം എന്നിവ നേടിയ ഹാംലെറ്റ്, 1970-ലെ കിംഗ് ലിയർ എന്നിവയാണ് അവ.

1965 -1971 കാലഘട്ടത്തിൽ കോസിന്റ്സെവ് ലെൻ ഫിലിമിൽ ഒരു സംവിധാന

വർക്ക്ഷോപ്പ് നയിച്ചു. കൂടാതെ, ഡീപ് സ്ക്രീൻ (1971), സ്പേസ് ട്രാജഡി (മരണാനന്തരം 1973 ൽ പ്രസിദ്ധീകരിച്ചത്) എന്നീ ചരിത്രപരവും സൈദ്ധാന്തികവുമായ മോണോഗ്രാഫുകളും അദ്ദേഹം എഴുതി. 1964 ൽ അദ്ദേഹത്തിന് സോവിയറ്റ് യൂണിയന്റെ പീപ്പിൾസ് ആർട്ടിസ്റ്റ് പദവി ലഭിച്ചു. 1965-ൽ അദ്ദേഹം നാലാമത് മോസ്കോ ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ജൂറി അംഗമായിരുന്നു. രണ്ട് വർഷത്തിന് ശേഷം അദ്ദേഹം അഞ്ചാമത് മോസ്കോ ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ജൂറി അംഗമായിരുന്നു. 1971-ൽ അദ്ദേഹം ഏഴാമത് മോസ്കോ ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ജൂറി പ്രസിഡന്റായിരുന്നു.1973 മെയ് 11 ന് ലെനിൻഗ്രാഡിൽ വച്ച് അദ്ദേഹം അന്തരിച്ചു.



കവിത



**പുഷ്പ അനിൽ**
( ഫിൽക്ക)

# ഡോൺ ക്വിക്സോട്ട്

മോഹഭ്രമങ്ങൾ തൻ ഭ്രാന്തിൻ
കയങ്ങളിൽ നിന്നു ഞാനെന്നെ
കുഴച്ചെടുക്കുന്നു.

വേദന തിങ്ങുന്ന കുന്നു കയറ്റുവാൻ
എനിയ്ക്ക് പടപ്പുറപ്പാട് നടത്തണം
ധീരനായ ഒരു പടയാളിയാവണം
പോരാട്ടത്തിന് എന്നെയും പ്രപഞ്ചവും
പ്രാണനുമീ നിയോഗ നിത്യ
കർമ്മത്തിന്നാധാരമാക്കുകിൽ

ചെറുകുളിർതെന്നലിൽ ആളുന്നതിലുപരി
ഞാനണയുന്നു.
ആർക്കൊക്കെയോ ജയിക്കാൻ തോൽവി
നെഞ്ചോടു ചേർക്കാതെ വയ്യ.

ശത്രുവായിക്കണ്ടു വൻകാറ്റാടി
യന്ത്രത്തോടുപോലുമേറ്റുമുട്ടുന്നു.
വെല്ലുന്നു,
അദൃശ്യശത്രുവാം സമൂഹത്തിൻ
ഹൃദയശൂന്യതയെ,
പോരാട്ടങ്ങളെല്ലാം പ്രഹസനമാകയോ

നീതിപൂർവ്വമാം ഭാവിലോകം
കെട്ടിപ്പടുക്കുവാൻ, നിമിഷങ്ങളിലപ്പോഴും
പോരാട്ട യാത്രകൾ ലക്ഷ്യത്തെത്തേടിയോ

ഇന്ന് മാഞ്ഞു പോകുമ്പോൾ നിലാവിൽ
വസന്തം പൂത്ത വഴികളെല്ലാം
നിന്നെ മാത്രം ചേർത്തു വച്ച്
പ്രലോഭനങ്ങൾ മറികടന്ന്,
മരുഭൂവിലെ കള്ളിമുൾച്ചെടി പോൽ
നിലാവിൽ നീലസമുദ്രങ്ങൾ നീന്തിക്കടന്ന്
എന്നിട്ടുമാനിശ്വാസം പടർന്ന,
ഭ്രാന്തുപൂത്ത കാണാക്കയങ്ങളിൽ
പ്രതിഫലേച്ഛയില്ലാതെ ഏറ്റെടുക്കുക
യെന്നിലെ മൂല്യബോധ സംരക്ഷണം
ഒരു ആത്മബലി പോലെ......

ഫിൽക്ക ഫിലിം സൊസൈറ്റി

# 25-ാം വാർഷികം

പ്രമാണിച്ചു സംഘടിപ്പിക്കുന്ന ദൃശ്യപരമ്പര...

## കേരള വിഷ്വൽ എൻസൈക്ലോപീഡിയ

കാഴ്ചയുടെ കൗതുകം, കേരള വിജ്ഞാന ശേഖരം
സൗജന്യ ഓൺലൈൻ റഫറൻസ് ന്യൂസ് മീഡിയ
www.keralapedia.com

എം.എസ്.എം.ഇ. ഉദ്യം – ജി. എസ്. ടി – ഐ പി ആർ കോപ്പിറൈറ്റ് രജിസ്റ്റേർഡ് സംരംഭം

- കോർപ്പറേഷൻ - മുൻസിപ്പാലിറ്റി മേഖലകളിലെ ഓരോ വാർഡിന്റെയും ഓരോ പഞ്ചായത്തിന്റെയും ഗവേഷണ ഡോക്യുമെന്ററി പരമ്പര പുനരാരംഭിക്കുന്നു.
- 40 - ലേറെ വിവിധ വിഷയങ്ങൾ.
- കൗൺസിലർമാരും പ്രമുഖരും പങ്കെടുക്കുന്നു.
- പ്രൊജക്റ്റ് ഫിലിം പരിശീലിക്കാൻ താൽപര്യം ഉള്ളവർക്ക് ഫീസില്ലാതെ പങ്കെടുക്കാം.
- വാണിജ്യ സ്ഥാപനങ്ങൾക്ക് പരസ്യചിത്രം സൗജന്യമായി നിർമ്മിച്ച് കൊടുക്കുന്നു.
- അതത് വാർഡിൽ നിന്നുള്ള വാണിജ്യ സ്ഥാപനങ്ങളുടെ 10 സെക്കന്റ് പരസ്യചിത്രം ചേർക്കുന്നതിലൂടെ പ്രവർത്തകർക്ക് മികച്ച പ്രതിഫലം ഉടൻ ലഭിക്കുന്നു.

- വിദ്യാർത്ഥികൾക്കും സീനിയർ സിറ്റിസൺസിനും പാർട് ടൈം ജോലി.
- ഓരോ ഡോക്യുമെന്ററിയും 5 വർഷം പരസ്യചിത്രങ്ങളോടെ ഓൺലൈനിൽ സൂക്ഷിക്കുന്നു.

**സാമ്പിൾ എപ്പിസോഡ്-സേർച്ച്: "വട്ടിയൂർക്കാവ് ഡോക്യുമെന്ററി ഫിലിം"-യുട്യൂബിൽ കാണാം.**

## FILCA FILM SOCIETY

www.filca.in filcakerala@gmail.com

Contact:- 80890 36090 (General Secretary), 96336 70050 (Co-ordinator - Executive Committee Member), 98470 63190 (President), 98473 08020 (Joint Secretary), 94953 76760 (Vice President) & 95394 37067 (Treasurer).

July Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World Cinema Part-II FilmFestival



(പ്രതികരണം)

# വിശ്വ സാഹിത്യവും വിശ്വ സിനിമയും ഉദ്ഘാടനം : ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ അറുപതാം വാർഷികം



**ജോൺ തോമസ്**
(ഫിൽക്ക)

2025 ജൂൺ *മാസ പരിപാടിയായി ഫിൽക്ക ഫിലിം സൊസൈറ്റി നടത്തിയ വിശ്വ സാഹിത്യവും സിനിമയും ചലച്ചിത്ര മേളയേയും കേരളത്തിൽ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന് തുടക്കം കുറിച്ചതിന്റെ അറുപതാം വാർഷികാഘോഷത്തെയും സംബന്ധിച്ച്

ഫിൽക്ക ഫിലിം സൊസൈറ്റി രൂപീകൃതമായിട്ട് 25 വർഷമായി. . അതിന്റെ ഭാഗമായി വിശ്വ സാഹിത്യകൃതികളെ ഉപജീവിച്ച് നിർമ്മിക്കപ്പെട്ട 25 വിശ്വവിഖ്യാത സിനിമകളുടെ മേള ആരംഭിച്ചത്. ഉദ്ഘാടന ചടങ്ങിനും പ്രാരംഭ സ്ക്രീനിങ്ങിനും വേണ്ടി തെരഞ്ഞെടുത്ത വേദി സാഹിത്യ കൃതികളുടെ ഭണ്ഡാരവും കേരളത്തിലെ ഏറ്റവും മികച്ച പൊതുവായനശാലയുമായ തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിലെ നവീകരിച്ച എ.സി. ഓഡിറ്റോറിയം. വായനാദിനവുമായി ബന്ധപ്പെട്ട മത്സരങ്ങളും ആചരണങ്ങളും നടന്നു കൊണ്ടിരിക്കുന്ന വേളയിൽ തന്നെയാണ് ഇത്തരമൊരു ചടങ്ങിന്റെ ഉദ്ഘാടനം നടന്നുവെന്നത് തികച്ചും യാദൃശ്ചികം ആയിരിക്കാം.

മേളയുടെ ഭാഗമായി നടന്ന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയത് ഡോ.ജോർജ് ഓണക്കൂർ ആയിരുന്നു. സാഹിത്യകൃതിയെയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന സിനിമയെയും താരതമ്യം ചെയ്തു കൊണ്ട് ഈ രണ്ടു രൂപങ്ങളെയും കൈകാര്യം ചെയ്തിട്ടുള്ള അദ്ദേഹം സംസാരിച്ചു. ഉൾക്കടൽഎന്ന ക്യാമ്പസ് പ്രണയത്തെ അടിസ്ഥാനമാക്കിയുള്ള തന്റെ നോവൽ കെ.ജി. ജോർജ് സിനിമയാക്കിയപ്പോൾ സ്ക്രീൻ പ്ലേ തയ്യാറാക്കിയത്



നോവലിസ്റ്റ് തന്നെയായിരുന്നു എന്നും അത് സിനിമാ രൂപം കൈക്കൊണ്ടപ്പോൾ അതിനു വന്ന ഭാവ പരിണാമത്തെ ക്കുറിച്ചും ആസ്വാദകർ, പ്രത്യേകിച്ച് യുവതലമുറ ആ സിനിമയെ ആഘോ ഷമാക്കി മാറ്റിയതിനെക്കുറിച്ചും അദ്ദേഹം രസകരമായി വിവരിച്ചു.

ഇംഗ്ലണ്ടിൽ പോയപ്പോൾ ഷേക്സ്പിയർ സ്മാരകം കണ്ടതും താൻ ആരാധിക്കുന്ന വിശ്വ സാഹിത്യകാരന്റെ അവശേഷിപ്പുകൾ ഭാവി തലമുറയ്ക്ക് പാഠവും പ്രചോദനവും ആകത്തക്ക രീതിയിൽ അവർ പരിരക്ഷിച്ചിരിക്കുന്നതിനെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു.

ഫിൽക്ക ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിലുള്ള കേരള പീഡിയ ന്യൂസ് പോർട്ടലിന്റെയും കേരള വിഷ്വൽ എൻസൈക്ലോപീഡിയയുടേയും ഉദ്ഘാടനം നിർവഹിച്ചത് ചലച്ചിത്ര അക്കാദമി ചെയർമാൻ ശ്രീ. പ്രേംകുമാർ ആയിരുന്നു.

ഫിൽക്ക പ്രസിഡൻറ് ഡോ. ബി. രാധാകൃ ഷ്ണൻ, ജനറൽ സെക്രട്ടറി സാബു ശങ്കർ എന്നിവരും സംസാരിച്ചു. ചലച്ചിത്ര സാഹിത്യവും ഗ്രന്ഥസൂചിയും എന്ന ലഘു വിജ്ഞാന കോശത്തിന്റെയും ഫിൽക്ക ന്യൂസ് പോർട്ടലായ കേരള പീഡിയ, കേരള വിഷ്വൽ എൻസൈക്ലോപീഡിയ എന്നീ സംരംഭങ്ങളുടെ പ്രസക്തിയെ കുറിച്ച് പ്രേംകുമാർ സംസാരിച്ചു.

തുടർന്നു നടന്ന സിനിമ പ്രദർശനത്തിൽ ആദ്യമായി അവതരിപ്പിക്കപ്പെട്ടത് വിഖ്യാത കൊളംബിയൻ - സ്പാനിഷ് സാഹിത്യകാരൻ ഗബ്രിയേൽ ഗാർസിയ മാർക്കേസിന്റെ കോളറ കാലത്തെ പ്രണയം എന്ന് നോവലിനെ ആസ്പദ മാക്കിയുള്ള സിനിമയായിരുന്നു.നോബൽ സമ്മാനാർഹനായ കൊളംബിയൻ സാഹിത്യകാരൻ മാർക്കേസ് ഏകാന്തതയു ടെ നൂറു വർഷങ്ങൾും (1967) ലഘു നോവലുകൾക്കും പ്രസിദ്ധമായ ചെറുകഥ കൾക്കും ശേഷം 1985 ൽ പ്രസിദ്ധീകരിച്ച നോവലാണ് കോളറ കാലത്തെ പ്രണയം. കൗമാരകാലത്ത് അനുരാഗത്തിലായ കമിതാക്കൾ ഫ്ളോറന്റീനോ അരീസൊ എന്ന കമ്പിത്തപാൽ വകുപ്പ് ജീവനക്കാര നും സ്വപ്രയത്നത്താൽ സമ്പന്നനായി മാറിയ ഒരു ബിസിനസുകാരന്റെ സുന്ദരി യായ മകൾ ഫെർമിന ഡാസയും തമ്മിലുള്ള പ്രണയവും ജീവിത നദി അവരെ കൊണ്ടു പോയ എല്ലാ അവസ്ഥാന്തരവും അവർക്കു മുന്നിൽ സൃഷ്ടിക്കപ്പെട്ട സർവ്വ വിഘ്നങ്ങ ളെയും അതിജീവിച്ച് 53 വർഷങ്ങൾക്കു ശേഷം അവർ ഒന്നിക്കുന്നതും ആണ് നോവലിന്റെ പ്രമേയം .

പ്രണയത്തിന്റെ അജയ്യത വിളംബരം ചെയ്യുന്ന കഥയിൽ ഓരോ അംശത്തിലും മാജിക്കൽ എന്ന് വിശേഷിപ്പിക്കാവുന്ന സന്ദർഭങ്ങളും വിവരണങ്ങളും അടങ്ങുന്ന താണ് ഈ നോവൽ. റിയലിസ്റ്റിക്കോ യുക്തിസഹമോ ആയ വ്യാഖ്യാനങ്ങൾക്ക് വഴങ്ങാത്ത നോവൽ. വാർദ്ധക്യം, മരണം, കാലം, തുടങ്ങിയവയിലൂടെ പ്രണയത്തിന്റെ അനശ്വരത വിളംബരം ചെയ്യുന്ന കൃതി. ഇത്തരമൊരു കൃതി നോവൽ ആക്കുക എന്നത് ഒരു സാഹസമാണ്. മൂലകൃതിയോട് നീതി പുലർത്താൻ സിനിമയ്ക്ക് ആയില്ലെങ്കിലും ആ സാഹസം ഏറ്റെടുത്തവരാണ് ഈ സിനിമയ്ക്ക് പിന്നിൽ പ്രവർത്തിച്ചവർ.

തുടർന്ന് പ്രദർശിപ്പിച്ചത് ലോക സാഹിത്യത്തിലെ എക്കാലത്തെയും മികച്ച കൃതികളിൽ ഒന്നായ ഷേക്സ്പിയർ നാടകം - ഹാംലറ്റിനെ അവലംബിച്ചു തയ്യാറാക്കിയ സിനിമ ആയിരുന്നു. ഏറ്റവും കൂടുതൽ അവതരിക്കപ്പെട്ടതും പഠനങ്ങൾക്കും മൊഴിമാറ്റത്തിനും അനുരൂപീകരണത്തിനും വിധേയമായ കൃതികളിൽ പ്രമുഖമാണ് ഹാംലറ്റ്. ആ കൃതിയെ ആസ്പദമാക്കി റഷ്യൻ സംവിധായകൻ ഗ്രിഗറി കൊസിൻസേവ് സംവിധാനം ചെയ്ത് 1964 ൽ ഇറങ്ങിയ ബ്ലാക്ക് ആൻഡ് വൈറ്റ് സിനിമ. മൂലകൃതി നാടകം ആയതുകൊാവണം സിനിമാ വിഷ്കരണം മൂലകൃതിയോട് വളരെയധികം നീതിപുലർത്തുന്നതായി അനുഭവപ്പെട്ടു. കടൽത്തീരത്ത് കൂറ്റൻ പാറക്കെട്ടിന് സമീപം നിലകൊള്ളുന്ന ഡെന്മാർക്ക് രാജാവിന്റെ എൽസിനോർ കൊട്ടാരവും, നാടകത്തിലെ രംഗങ്ങളും സംഭാഷണവും അതേപടി അവലംബിച്ചു കൊണ്ടുള്ള സിനിമയിലെ നാടകീയ രംഗങ്ങളും കാവ്യാത്മകമായ സംഭാഷണങ്ങളും, എല്ലാം ചേർന്ന് ഓരോ അണുവിലും ഷേക്സ്പിയർ എന്ന മഹാനായ സാഹിത്യകാരനെ ഓർമ്മിപ്പിച്ചു കൊുള്ള ചലച്ചിത്ര അനുഭവമായിരുന്നു ഹാംലറ്റ്.

ഉത്തമസാഹിത്യകൃതികളെ ആസ്പദമാക്കിയുള്ള സിനിമകൾ, അവ സാഹിത്യരൂപത്തിൽ വായിച്ചിട്ടില്ലാത്ത സാഹിത്യ കുതുകികൾക്ക് അവയിലേക്ക് പ്രവേശിക്കുവാനുള്ള പ്രേരക ശക്തിയായി വർത്തിക്കും. വായിച്ചു കഴിഞ്ഞവർക്ക് ആകട്ടെ ഓർമ്മ പുതുക്കാനും ആവശ്യമെങ്കിൽ പുനർവായനക്ക് വിധേയമാക്കാനുമുള്ള അവസരം ലഭിക്കും. വാങ്മൊഴിയിൽ എഴുത്തുകാരൻ സൃഷ്ടിച്ചെടുത്ത വികാര പ്രപഞ്ചത്തെ ദൃശ്യ ഭാഷയിലേക്കു മാറ്റം ചെയ്യുമ്പോൾ എങ്ങനെയിരിക്കും എന്ന് താരതമ്യം ചെയ്തു മനസ്സിലാക്കാനും പ്രേക്ഷകന് സാധിക്കും. ഈ രീതിയിൽ ഈ രണ്ട് ചിത്രങ്ങളുടെയും അവതരണം ശ്ളാഘനീയം ആയിരുന്നു.



## ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ അറുപതാം വാർഷികം.

കേരളത്തിൽ ആദ്യ ഫിലിം സൊസൈറ്റി പ്രസ്ഥാനം ആരംഭിച്ചതിന്റെ അറുപതാം വാർഷിക ദിനം ആയിരുന്നു 2025 ജൂലൈ മാസം അഞ്ചാം തീയതി. ഈ ദിനം സമുചിതമായി ആഘോഷിക്കുവാൻ കേരളത്തിലെ ഫിലിം സൊസൈറ്റികളുടെ കൂട്ടായ്മ തീരുമാനിക്കുകയും കേരളത്തിലെ മുതിർന്ന ഫിലിം സൊസൈറ്റി പ്രവർത്തകർ, സിനിമാനിരൂപകർ, ആസ്വാദകർ എന്നിവരുടെയൊക്കെ ഒരു ഒത്തുചേരൽ അന്നേദിവസം തിരുവനന്തപുരത്ത് പ്രസ് ക്ലബ്ബിലെ ടി.എൻ.ജി.ഹാളിൽ വച്ച് സംഘടിപ്പിക്കുകയുമുണ്ടായി.

ഗ്രന്ഥശാലകൾ സ്ഥാപിക്കുന്നതിന് വേണ്ടി പി.എൻ. പണിക്കർ നടത്തിയ യത്നമാണ് ഫിലിം സൊസൈറ്റികൾ സ്ഥാപിക്കുന്നതിന് മാതൃകയായതെന്ന് ശ്രീ. അടൂർ സൂചിപ്പിച്ചു.

ഇതിലൂടെ മലയാള സിനിമയ്ക്ക് ഉണ്ടായ നേട്ടം വിവരിച്ചതോടൊപ്പം അന്ന് പൂന ഫിലിം ആർക്കൈവ്സിൽ നിന്നും എത്തുന്ന നല്ല സിനിമകൾ കാണുന്നതിന് ആദ്യ കാല പ്രവർത്തകർ നേരിട്ട ബുദ്ധിമുട്ടുകളും അദ്ദേഹം വിവരിച്ചു.

മലപ്പുറം, തൃശൂർ, കോഴിക്കോട്, കട്ടപ്പന പത്തനംതിട്ട, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ സജീവമായി ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫിലിം സൊസൈറ്റി പ്രവർത്തകർ കൂട്ടായ്മയിൽ പങ്കെടുക്കാൻ എത്തിച്ചേർന്നു.

ഇത്തരമൊരു കൂട്ടായ്മക്ക് നേതൃത്വം നൽകിയ പ്രകാശ് ശ്രീധർ, ചെറിയാൻ ജോസഫ് , ഈ. ജെ. ജോസഫ് , മീരാസാഹിബ്, സാബു ശങ്കർ എന്നിവരോടൊപ്പം പരിപാടി വിജയിപ്പിക്കുന്നതിന് അശ്രാന്ത പരിശ്രമം നടത്തിയ ഡോക്ടർ ബി. രാധാകൃഷ്ണൻ, രാജാംബിക, ഗിരിജ സുരേന്ദ്രൻ, വിനോദ് കുമാർ , ജ്യോതിഷ്കുമാർ തുടങ്ങിയ ഫിൽക്ക ഭാരവാഹികൾക്കും ശ്രീകല, ഷീല, അജി, റിജു, ജോസ് തുടങ്ങിയ പ്രവർത്തകർക്കും അഭിനന്ദനങ്ങൾ.



# ഫോട്ടോ ഗാലറി

## കേരള ഫിലിം സൊസൈറ്റീസ് കൂട്ടായ്മയുടെ ൬൦-ാം വാർഷിക സമ്മേളനം













# ഫോട്ടോ ഗാലറി

## കേരള ഫിലിം സൊസൈറ്റീസ് കൂട്ടായ്മയുടെ ൬൦-ാം വാർഷിക സമ്മേളനം













July Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World literature and World Cinema Part-II FilmFestival



# ഫോട്ടോ ഗാലറി

## കേരള ഫിലിം സൊസൈറ്റീസ് കൂട്ടായ്മയുടെ ൬൦-ാം വാർഷിക സമ്മേളനം








# ഫോട്ടോ ഗാലറി

## കേരള ഫിലിം സൊസൈറ്റീസ് കൂട്ടായ്മയുടെ ൬൦-ാം വാർഷിക സമ്മേളനം













# ഫോട്ടോ ഗാലറി

## കേരള ഫിലിം സൊസൈറ്റീസ് കൂട്ടായ്മയുടെ ൬൦-ാം വാർഷിക സമ്മേളനം














# ആന്ദ്രേ താർകോവ്സ്കി

# സ്റ്റോക്കർ

## വിശ്വവിഖ്യാത ചലച്ചിത്ര ശിൽപത്തിന്റെ തിരക്കഥാ പുനരാവിഷ്കാരം മലയാളത്തിൽ !




ഓഡിറ്റോറിയത്തിൽ
സ്റ്റോക്കർ പുസ്തകം
(മുഖവില 200 രൂപ)
150 രൂപയ്ക്ക്
ലഭിക്കുന്നതാണ്.
GPay സൗകര്യം
ഉണ്ടായിരിക്കും

Vinod Kumar

Scan to pay with any UPI app


**Film Vision Monthly July 2025.Rs 2/-RNI-KER/BIL/2002/8043**

**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090



വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർക്കോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹200~~ ₹150



13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ചാലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com Shop Online

CHIEF EDITOR* : DR. B. RADHAKRISHNAN . ASSOCIATE EDITORS* : RAJAMBIKA.S.S.
DR. LALITHA GOURI , SUB EDITORS* : JYOTHISHKUMAR.P.S. ,
GIRIJA SURENDRAN. ,DESIGN*: SHAJI CAD ., CIRCULATION*: VINODKUMAR. P.
EDITOR AND PUBLISHER*: DR. SABU SANKAR ,
GENERAL SECRETARY, FILCA FILM SOCIETY, PB 2224, TRIVANDRUM -695010.
Phone: 80890 36090. Email: filcakerala@gmail.com